I ഇ.ബി. XIII-കേരള നിയമസഭ/XIV-20

## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 29, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## തിരുത്തിയ ഉത്തരം

### നക്ഷത്ര ചിഹ്നമിടാത്ത 2124, 2150 എന്നീ നമ്പർ ചോദ്യങ്ങൾക്കുള്ള തിരുത്തിയ ഉത്തരം

പതിമൂന്നാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 2124, 2150 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

## അറിയിപ്പ്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അന്തരിച്ച ഡോ. എ.പി.ജെ. അബ്ദുൾ

കലാമിന്റെ ഭൗതിക ശരീരം തിരുവനന്തപുരം വഴി രാമേശ്വരത്ത് കൊണ്ടുപോകണമെന്നുള്ള ആവശ്യം ചില സാങ്കേതിക കാരണങ്ങളാൽ അനുവദിക്കാത്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ, പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദൻ, മന്ത്രിമാരായ ഡോ. എം.കെ. മുനീർ, ശ്രീ. പി.ജെ. ജോസഫ് എന്നിവരും ഞാനും ഉൾപ്പെടെ പോയി കേരളത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നതാണ്. ഇന്ത്യയുടെ സാങ്കേതിക വിജ്ഞാനത്തിൽ ഏറ്റവും കൂടുതൽ സംഭാവന നൽകുകയും കേരളത്തിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുകയും ഇരുപത് വർഷക്കാലം നമ്മുടെ സംസ്ഥാനത്ത് ജീവിക്കുകയും ചെയ്ത വ്യക്തിയാണ് അദ്ദേഹം. കേരളത്തിൽ ആരംഭിക്കുന്ന കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ പേര് 'എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി' എന്ന് നാമകരണം ചെയ്യണമെന്ന നിർദ്ദേശം സഭയെ അറിയിക്കുകയാണ്. ഔദ്യോഗികമായ ഭേദഗതി ബില്ലിന്റെ ചർച്ചാ വേളയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി അറിയിക്കുന്നതാണ്.

മി. സ്പീക്കർ: കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേരിൽ നാമകരണം ചെയ്യാൻ നിർദ്ദേശിച്ച മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു.

## ശ്രദ്ധക്ഷണിക്കൽ

### (1) സമഗ്ര ചികിത്സാ പദ്ധതി

ശ്രീ. എം. പി. അബ്ദു സമദ് സമദാനി: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗം തടയുന്നതിന് മുൻകരുതൽ നടപടികൾ ആവശ്യമാണ്. നിത്യേന ഉപയോഗിക്കുന്ന ആഹാരത്തിലും പാനീയങ്ങളിലും വിഷബാധ തടയുന്നതിനുള്ള നടപടി സ്വീകരിക്കണം. വിദേശ രാജ്യങ്ങളിൽ നിരോധിക്കപ്പെട്ട കീടനാശിനികളും മരുന്നുകളും കേരളത്തിൽ നിർബാധം ഉപയോഗിക്കുന്നതും ഉപയോഗശൂന്യമായ മൊബൈൽ ബാറ്ററിയിൽനിന്നും വരുന്ന മെർക്കുറിയും ലെഡ്ഡും ക്യാൻസർ രോഗം വ്യാപകമാക്കുന്നു. ലോകാരോഗ്യ സംഘടനയും ഇന്ത്യയിലെ പരിശോധനാ കേന്ദ്രങ്ങളും നിരോധിച്ച കീടനാശിനികളും മരുന്നുകളും ഉപയോഗിക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സൗന്ദര്യ വർദ്ധക വസ്തുക്കൾ മുതൽ പച്ചക്കറിവരെ ക്യാൻസർ രോഗത്തിന് കാരണമാകുന്നു. രോഗ പ്രതിരോധ ശക്തിയുള്ള ചക്ക പോലുള്ള പ്രകൃതി വിഭവങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും രോഗത്തെ നേരിടുന്നതിനുള്ള സമഗ്ര പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് ബോധവൽക്കരണം നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്.

<u>ശിവകുമാർ):</u> സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗത്തിനെതിരെ പ്രചരണം ശക്തിപ്പെടുത്തുന്നതിനും സമഗ്രമായ ചികിത്സാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ക്യാൻസർ രോഗത്തിന്റെ ഭീകരത മുന്നിൽ കണ്ടുകൊണ്ട് സൗജന്യ ചികിത്സാ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 'സുകൃതം' പദ്ധതിയും എ.പി.എൽ., ബി.പി.എൽ വ്യത്യാസമില്ലാതെ സംസ്ഥാനത്തെ പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാ രോഗങ്ങൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി 'ആരോഗ്യ കിരണം' പദ്ധതിയും 2013-ൽ 'ജില്ലാ ക്യാൻസർ കെയർ' പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ഓരോ ആശുപത്രി വീതം തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും അവശ്യസാമഗ്രികൾ സജ്ജീകരിക്കുകയും ഡോക്ടർമാർക്കും നഴ്സുമാർക്കും പരിശീലനം നൽകുകയും ചെയ്യുന്നു. തിരുവനന്തപുരം ജനറൽ ആശുപത്രിയിലും തൊടുപുഴ ജില്ലാ ആശുപത്രിയിലും ക്യാൻസർ കെയർ സെന്ററുകൾ ആരംഭിക്കുന്നതാണ് ലോക ക്യാൻസർ ദിനത്തിൽ 'കേരള കാമ്പയിൻ എഗെയ്ൻസ്റ്റ് ക്യാൻസർ'എന്ന ക്യാൻസർ ബോധന നിയന്ത്രണ പദ്ധതി പല ജില്ലകളിലും നടന്നുവരുന്നു. കുടുംബശ്രീയും ആർ.സി.സി. യും സംയുക്തമായി നടപ്പിലാക്കുന്ന 'സ്വാസ്ഥ്യം' ബോധവൽക്കരണ പ്രതിരോധ നിയന്ത്രണ പദ്ധതിയുടെ രണ്ടാം ഘട്ടം പുരോഗമിക്കുന്നു. തിരുവനന്തപുരം

ആർ.സി.സി. യെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും എൻ.എ. ബി.എച്ച് അക്രെഡിറ്റേഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആർ.സി.സി. യിൽ ' പെറ്റ് സ്കാൻ' - പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ഗ്രാമീണ മേഖലയിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും ക്യാൻസർ പരിചരണത്തിനായി പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. എറണാകുളത്ത് 450 കോടി രൂപ മുതൽ മുടക്കി ആധുനിക ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും ആരംഭിക്കും. കോഴിക്കോട് മെഡിക്കൽകോളേജിലെ ക്യാൻസർ ചികിത്സാ വിഭാഗത്തിന് മിനി ആർ.സി.സി. പദവി നൽകുന്നതോടൊപ്പം വികസന പ്രവർത്തനങ്ങൾക്ക് 45 കോടി രൂപ അനുവദിക്കുകയും ചെയ്തു. ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്ററുകൾ സ്ഥാപിക്കുന്നതിനും തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാമോഗ്രാം യൂണിറ്റ് തുടങ്ങുന്നതിനും നടപടി സ്വീകരിച്ചു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി പ്രതിവർഷം പത്ത് കോടി രൂപയിലധികം വിലവരുന്ന 69 ഇനം മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. വിഷലിപ്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും മായം ചേർത്ത ഭക്ഷണപദാർത്ഥങ്ങളും മാരകരോഗങ്ങൾക്ക് കാരണമാകുന്നുവെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിന്റെ ഭക്ഷ്യസുരക്ഷാവിഭാഗം വിപുലമായ പ്രവർത്തനങ്ങൾ

നടത്തിക്കൊണ്ടിരിക്കുകയാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ഗുണനിലവാര പരിശോധന നടത്തുന്നതിനായി 'ഓപ്പറേഷൻ രുചി' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം ആർ.സി.സിയിൽ ആയുഷ് ചികിത്സാരീതികൾ സമന്വയിപ്പിച്ചുകൊണ്ട് ' ഹോളിസ്റ്റിക് മെഡിസിൻ വിഭാഗം' ആരംഭിക്കുന്നതാണ്. ക്യാൻസർരോഗം തടയുന്നതിനും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്. ക്യാൻസർ രോഗികൾക്കായി രജിസ്റ്റർ തയ്യാറാക്കുന്നതിനും ക്യാൻസർ രോഗം വ്യാപിക്കുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുന്നതിനുമായി ആർ.സി.സി. ഡയറക്ടർ കൺവീനറായി നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (2) സഹകരണമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. എം. ഹംസ: കേന്ദ്രസർക്കാരിന്റെ നയംമൂലം സംസ്ഥാനത്തെ സഹകരണമേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം. സഹകരണപ്രസ്ഥാനത്തെ അപകടത്തിലാക്കുംവിധം കേന്ദ്ര ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥയിൽ മാറ്റം വരുത്തുന്നതിനും സഹകരണസംഘങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. സ്റ്റാമ്പ് ഡ്യൂട്ടി ഇളവിനെ സംബന്ധിച്ച് റവന്യൂ റിക്കവറികൾ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുകമാത്രമല്ല, സ്റ്റാമ്പ് ഡ്യൂട്ടിയിലെ സെക്ഷൻ 51 ( d) Transter of Properties Act-ഉം സഹകരണ നിയമത്തിലെ 1969-ലെ സഹകരണനിയമം 40(1)(a) വകുപ്പും നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. സഹകരണ രംഗത്തെ റിവന്യൂ റിക്കവറി നടപടികൾ അവസാനിപ്പിക്കണം. വിലനിലവാരം പിടിച്ചുനിർത്തുന്നതിനും സഹകരണ പ്രസ്ഥാനത്തിന്റെ ശേഷി കരുത്തുറ്റതാക്കുന്നതിനുംവേണ്ടി നന്മ സ്റ്റോറുകൾക്കും കൺസ്യൂമർ ഫെഡിനും എൽ.ഡി.എഫ്. സർക്കാർ അനുവദിച്ച സബ്സിഡി നിലനിർത്തണം. ലീഗൽ മെട്രോളജി, കമേഴ്സ്യൽ ടാക്സസ് എന്നീ വകുപ്പുകളുടെ സഹകരണമേഖലയിലെ ഇടപെടൽ നിയന്ത്രിക്കുന്നതിനും, ഐ.എസ്.ഒ. ആഡിറ്റിംഗും സോഫ്റ്റ് വെയർ ലൈസൻസും നടപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സഹകരണ സംഘങ്ങൾക്കുണ്ടായിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നിലനിർത്തുന്നതിനും ഇക്കാര്യത്തിൽ സംഘങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സഹകരണ സ്ഥാപനങ്ങൾക്ക് വിൽപ്പനനികുതി

ഇളവ് നൽകുന്നത് സംബന്ധിച്ച് നികുതിവകുപ്പുമായി ആശയവിനിമയം നടത്തുന്നതാണ്. കേരള സഹകരണ നിയമത്തിലെ വകുപ്പ് 57 (d)(3) പ്രകാരം എല്ലാ വായ്പാസഹകരണസംഘങ്ങളും റിസ്ക് ഫണ്ട് സ്കീമിൽ ചേരണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അല്ലാത്ത വായ്പാ സഹകരണസംഘങ്ങൾക്ക് വായ്പ നൽകാനുള്ള അവകാശം നഷ്ടമാകും. നിക്ഷേപക ഗ്യാരന്റി സ്കീം പ്രകാരം ഒരു നിക്ഷേപകന് ഒന്നരലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളെയും ബാങ്കുകളെയും ആദായ നികുതി അടയ്ക്കുന്നതിൽനിന്ന് ഒഴിവാക്കിയ നടപടി തുടരാൻ അനുവദിക്കണമെന്ന് നിയമസഭ പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കമ്പ്യൂട്ടറൈസ്ഡ് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓഡിറ്റർമാർക്ക് ലാപ്ടോപ്പ് നൽകുകയും സി-ഡിറ്റുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. നിലവിലുള്ള ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം നടന്നുവരുന്നു. ഐ.എസ്.ഒ. ആഡിറ്റ് നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. പൊതു വിപണിയിൽനിന്ന് 20% വിലകുറച്ച് 3000 വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിനായി കൺസ്യൂമർ ഫെഡിന് 25 കോടി രൂപ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ എല്ലാ ബാങ്കിംഗ് സ്ഥാപനങ്ങൾക്കും ഏകീകൃത സോഫ്റ്റ്‌വെയർ

ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പഠിച്ചതിനുശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. വിഷൻ 2025-ന്റെ ഭാഗമായി മൂന്നാറിൽ നടത്തുന്ന ശിൽപ്പശാലയിൽ വിവര സാങ്കേതികവിദ്യയുടെ സാധ്യതകളടക്കം സഹകരണ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സഹകാരികളുമായി ചർച്ചചെയ്ത് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സഹകരണ സംഘങ്ങളെ സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## അറിയിപ്പ്

മി. സ്പീക്കർ: ഇന്നത്തെ സബ്മിഷനുകൾ സഭയിൽ അവതരിപ്പിക്കേണ്ടതില്ലെന്നും അവയ്ക്കുള്ള മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അംഗങ്ങൾക്ക് രേഖാമൂലം നൽകേണ്ടതാണെന്നുമുള്ള 28.07.2015-ലെ കാര്യോപദേശക സമിതി തീരുമാനം സഭയെ അറിയിക്കുകയാണ്.

27.07.2015-ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച ക്രമപ്രശ്നത്തിൽ ജഡ്ജിയുടെ പേര് തെറ്റായി പരാമർശിക്കപ്പെട്ടത് അദ്ദേഹം മുഖ്യമന്ത്രി മറുപടി പറയുന്നതിനുമുമ്പുതന്നെ തിരുത്തി എഴുതിത്തന്ന വിവരം സഭയെ അറിയിക്കുന്നു.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറ് മുതൽ ഇരുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(5) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ക്രമപ്രശ്നം

**എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ അച്ചടി സംബന്ധിച്ച്**

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : 2015 മാർച്ച് മാസം നടത്തിയ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഇൻഫർമേഷൻ ടെക്നോളജി പരീക്ഷ (ന്യൂ സ്കീം) ഓൺലൈൻ ആയിട്ടാണ് നടത്തിയത്. ഇതിനുള്ള ചോദ്യപേപ്പർ അച്ചടിച്ചില്ലെന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി നൽകിയത്. എന്നാൽ ഈ പരീക്ഷയ്ക്കായി ആറ് ലക്ഷത്തിലേറെ ചോദ്യപേപ്പർ അച്ചടിച്ചതായിട്ടാണ് പരീക്ഷാഭവൻ സെക്രട്ടറി ഒപ്പിട്ട് നൽകിയ രേഖയിൽ പറഞ്ഞിട്ടുള്ളത്. പേപ്പറുകളുടെ ബിൽ പ്രിന്റിംഗ് പ്രസ് പരീക്ഷാഭവന് കൈമാറിയിട്ടുമുണ്ട്. ഓൾഡ് സ്കീമിലെ കുട്ടികൾക്ക് മാത്രമാണ് ചോദ്യപേപ്പർ അച്ചടിച്ച് നൽകിയതെന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടിയിൽ പറഞ്ഞത്. അത് 91540 ചോദ്യപേപ്പറുകൾ മാത്രമാണ്. ഇതിലൂടെ ലക്ഷക്കണക്കിന് രൂപയുടെ വെട്ടിപ്പ് നടന്നിട്ടുണ്ട്. ഓൺലൈനായി നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ അനാവശ്യമായി അച്ചടിച്ചത് പരീക്ഷയുടെ ഗൗരവ സ്വഭാവവും രഹസ്യസ്വഭാവവും നഷ്ടപ്പെടുത്തുന്നതാണ്. അഴിമതിയും കെടുകാര്യസ്ഥതയും മൂടിവച്ച് സഭയിൽ വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ മറുപടിയാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയിരിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് അന്വേഷണം നടത്തി നിജസ്ഥിതി

സഭയെ അറിയിക്കാനും തെറ്റുകൾ തിരുത്താനും അടിയന്തര നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ചട്ടം 303 പ്രകാരം ഉന്നയിക്കുന്ന ക്രമപ്രശ്നം നിയമസഭാ ചട്ടങ്ങളുടേയോ ഭരണഘടനയിൽ സഭയുടെ കാര്യനിർവ്വഹണം ക്രമീകരിക്കുന്ന അനുച്ഛേദങ്ങളുടേയോ വ്യാഖ്യാനത്തെയോ അവ നടപ്പിലാക്കുന്നതിനെ സംബന്ധിച്ചുള്ളതോ ആയിരിക്കണം. ഒരു മന്ത്രിയോ അംഗമോ നടത്തിയ പ്രസ്താവനയിലെ തെറ്റ് ചൂണ്ടിക്കാണിക്കാനുള്ള നടപടിക്രമങ്ങളിലെ ഡയറക്ഷൻ നമ്പർ 1 (എ)-യിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമാണ് സഭയിൽ ഉന്നയിക്കേണ്ടത്. മന്ത്രി നൽകിയ ഉത്തരത്തിൽ ഏതെങ്കിലും വിധത്തിലുള്ള പിശക് സംഭവിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന് അത് തിരുത്താനുള്ള അവസരവും അവകാശവുമുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): തെറ്റ് വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും തിരുത്തുന്നതാണ്.

## (2) എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലുണ്ടാകുന്ന കാലതാമസം

ശ്രീ. എൻ. ഷംസുദ്ദീൻ : 2011 മാർച്ച് 16-ന് പുറപ്പെടുവിച്ച എസ്.ആർ.ഒ. നം. 218/2011, 2011 ആഗസ്റ്റ് 20-ന് പുറപ്പെടുവിച്ച എസ്.ആർ.ഒ. നം. 510/2011 എന്നിവ സഭയുടെ മേശപ്പുറത്ത് വച്ചത് 29-06-2015-ൽ മാത്രമാണ്. കേന്ദ്ര

സർക്കാർ നടത്തിയ 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിനെ സംബന്ധിച്ചുള്ള എസ്.ആർ.ഒ. നം. 510/2011 സെൻസസ് പൂർത്തിയായി റിപ്പോർട്ട് സമർപ്പിച്ച ശേഷമാണ് അംഗങ്ങൾക്ക് ലഭിച്ചിരിക്കുന്നത്. സംസ്ഥാനത്ത് പുതിയ ഓംബുഡ്സ്മാനെ നിയമിച്ചതുമായി ബന്ധപ്പെട്ട എസ്.ആർ.ഒ. നം. 218/2011 ഓംബുഡ്സ്മാന്റെ കാലാവധി തീരുന്ന സമയത്താണ് സഭയിൽ സമർപ്പിച്ചിട്ടുള്ളത്. ഇക്കാര്യത്തിലുണ്ടായ നീതീകരിക്കാനാകാത്ത കാലതാമസം അംഗങ്ങളുടെ അവകാശവുമായി ബന്ധപ്പെട്ടതാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗ് ഉണ്ടാകണം.

**റൂളിംഗ്**

<u>മി. സ്പീക്കർ :</u> 2011 മാർച്ച് 16-ന് പുറപ്പെടുവിച്ച എസ്.ആർ.ഒ. നം. 218/2011, 2011 ആഗസ്റ്റ് 20-ന് പുറപ്പെടുവിച്ച എസ്.ആർ.ഒ. നം. 510/2011 എന്നിവ സഭയുടെ മേശപ്പുറത്ത് 29-06-2015-ൽ മാത്രമാണ് വച്ചതെന്ന ക്രമപ്രശ്നം സംബന്ധിച്ച് ചെയർ പരിശോധിക്കുകയുണ്ടായി. മേൽപ്പറഞ്ഞ രണ്ട് വിജ്ഞാപനങ്ങളും യഥാസമയം സമർപ്പിക്കാതിരുന്നതിന്റെ കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതമാണ് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളത്. ഈ വിജ്ഞാപനങ്ങൾ മേശപ്പുറത്ത് വയ്ക്കുന്നതിൽ വളരെയധികം കാലതാമസം വന്നിട്ടുണ്ട്. നിയമസഭാ ചട്ടം 259(ബി) പ്രകാരം ഏതെങ്കിലും കടലാസ് മേശപ്പുറത്ത്

വയ്ക്കുന്നതിന് അകാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ള കാരണങ്ങൾ തൃപ്തികരമാണോയെന്ന് പരിശോധിച്ച് സഭയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അധികാരം മേശപ്പുറത്ത് വച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയിൽ നിക്ഷിപ്തമാണ്. ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ചിട്ടുള്ള വിഷയം മേശപ്പുറത്ത് വച്ച കടലാസ്സുകൾ സംബന്ധിച്ച സമിതി പരിശോധിച്ച് സഭയ്ക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### <u>പൊന്നാനി തുറമുഖ നിർമ്മാണം</u>

പൊന്നാനി തുറമുഖ നിർമ്മാണം സംബന്ധിച്ച് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## ചട്ടങ്ങളുടെ ഭേദഗതിയുടെ പരിഗണന

### <u>2015-ലെ ദി ഫോറിൻ ലിക്വർ (അമന്റ്മെന്റ്) റൂൾസിന് നൽകിയ ഭേദഗതിയുടെ പരിഗണന</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ :</u> 2015 മാർച്ച് 30-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 53/2015/ടി.ഡി. (എസ്.ആർ.ഒ. നമ്പർ 187/2015) മുഖേന പുറപ്പെടുവിച്ച 2015-ലെ ദി ഫോറിൻ ലിക്വർ (അമന്റ്മെന്റ്) റൂൾസിന് ഭേദഗതി അവതരിപ്പിക്കുന്നു. ലിക്വർ

ഷോപ്പുകൾ സംസ്ഥാന സർക്കാരിന് ആന്വൽ റെന്റായി അടയ്ക്കേണ്ട 25 ലക്ഷം രൂപ 1 ലക്ഷം രൂപയായി കുറച്ചിരിക്കുന്നതിനാൽ റവന്യൂ വരുമാനം കുറയുന്ന സാഹചര്യമാണുള്ളത്. ഇത് മദ്യവർജ്ജനം എന്ന അടിസ്ഥാന നയത്തിന് വിരുദ്ധമാണ്. അബ്കാരി മുതലാളിമാരെ സഹായിക്കുന്ന നിലപാട് ഉണ്ടാകാൻ പാടില്ല. ബന്ധപ്പെട്ട വകുപ്പ് ഒഴിവാക്കുന്നതിനായി കൊണ്ടുവന്നിരിക്കുന്ന ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): 2013-ലെ ധനകാര്യ ബില്ലിലെ പ്രത്യേക നികുതി നിയമ ഭേദഗതിയിൽ സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന് നൽകുന്ന ലൈസൻസ് ഫീസ്, റോയൽറ്റി, സർവ്വീസ് ചാർജ് എന്നിവ വരുമാന നികുതി കണക്കാക്കുമ്പോൾ പരിഗണിക്കാൻ പാടില്ലെന്ന നിബന്ധന കേന്ദ്ര സർക്കാർ കൊണ്ടുവന്നു. ഇതുമൂലം ലൈസൻസ് ഫീസ്, ഗ്യാലനേജ് ഫീസ് എന്നിവ സ്ഥാപനത്തിന്റെ ലാഭത്തിൽ ഉൾപ്പെടുത്തി 140 കോടി രൂപ കെ.എസ്.ബി.സി.ക്ക് അധികമായി നികുതി നൽകേണ്ടിവന്നു. എക്സൈസ് വകുപ്പിന് കെ.എസ്.ബി.സി. നൽകുന്ന ഫീസുകൾ അതിന്റെ ലാഭത്തിലുൾപ്പെടുത്തി നികുതി നൽകേണ്ടിവരുന്നത് ന്യായയുക്തമല്ലാത്തതുകൊണ്ടും കെ.എസ്.ബി.സി.യുടെ സാമ്പത്തിക താത്പര്യം കണക്കിലെടുത്തുമാണ് വെയർഹൗസ് ആന്റ് റീട്ടെയിൽ ഷോപ്പിന് ചുമത്തിയിരുന്ന

ലൈസൻസ് ഫീസ്/റെന്റൽ തുക കുറച്ചത്. ഇതുവഴി കെ.എസ്.ബി.സി. യുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാനും എക്സൈസ് വകുപ്പിന്റെ വരുമാനത്തിൽ നേരിയ തോതിൽ വർദ്ധനവുണ്ടാക്കാനും സാധിച്ചു. ഇക്കാരണങ്ങളാൽ എസ്. ആർ. ഒ. നമ്പർ 187/ 2015 റദ്ദാക്കേണ്ട ആവശ്യമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതി 53 നെതിരെ 68 വോട്ടുകളോടെ പിൻവലിക്കപ്പെട്ടു.

**ധനകാര്യം**

**2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും**

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ഡോ. ടി. എം. തോമസ് ഐസക്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. മുൻ സാമ്പത്തിക വർഷങ്ങളെ അപേക്ഷിച്ച് 2014-15- ൽ ഓരോ വകുപ്പിനും പദ്ധതി അടങ്കലായി വകയിരുത്തിയ തുകയുടെ പകുതി പോലും ചെലവഴിക്കാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് 800 കോടി രൂപയുടെ ഉപധനാഭ്യർത്ഥന പാസ്സാക്കുന്നത്. 2013-14 വർഷത്തെ ബഡ്ജറ്റിലെ 228 പുതിയ പ്രഖ്യാപനങ്ങളിൽ

126 എണ്ണത്തിന് സപ്ലിമെന്ററി ഡിമാന്റായി തുക നീക്കിവച്ചെങ്കിലും 30 എണ്ണമൊഴികെ ബാക്കിയുള്ള പദ്ധതികൾക്ക് അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല. നികുതി കുടിശ്ശികകൾ യഥാസമയം പിരിച്ചെടുക്കാത്തതിനാൽ റവന്യൂവരുമാനത്തിൽ വൻ ഇടിവ് സംഭവിച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിലൂടെ നടന്നുകൊണ്ടിരിക്കുന്ന അഴിമതി ഗൗരവമായി പരിശോധിക്കണം. ഈ ഗവൺമെന്റിന്റെ തെറ്റായ ധനനയവും ധനമാനേജ്മെന്റും സംസ്ഥാനത്തെ തകർച്ചയിലേയ്ക്കാണ് നയിക്കുന്നത്.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രകൃതി ദുരന്തങ്ങളെ നേരിടാൻവേണ്ടി കൂടുതൽ തുക മാറ്റിവയ്ക്കണം. ഫയർ ഫോഴ്സിനെ ശക്തമാക്കുന്നതിനും കൂടുതൽ സ്കൈ ലിഫ്റ്റുകൾ സ്ഥാപിക്കുന്നതിനും പണം അനുവദിക്കണം. ക്ഷേമപദ്ധതി വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. നികുതി പിരിവ് കാര്യക്ഷമമാക്കണം.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. അഴിമതിയും അധികാര ദുർവിനിയോഗവുമാണ് ഈ സർക്കാരിന്റെ മുഖമുദ്ര. കേരളത്തിന്റെ ധന സ്ഥിതി വളരെ മോശമായിക്കൊണ്ടിരിക്കുകയാണ്. കാർഷിക-വ്യാവസായിക-പരമ്പരാഗത മേഖലകളെല്ലാം ഇപ്പോൾ നിശ്ചലമാണ്. റബ്ബറിന്റെ വിലത്തകർച്ച

പരിഹരിക്കാനുള്ള ഫലപ്രദമായ നടപടികളൊന്നും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. സ്വർണ്ണ വ്യാപാരത്തിൽനിന്നും കെട്ടിടനിർമ്മാണ രംഗത്തുനിന്നും ലഭിക്കേണ്ട നികുതികളൊന്നും ലഭിക്കുന്നില്ല. തൊഴിലില്ലായ്മ പരിഹരിക്കുന്നില്ല. നിത്യോപയോഗ സാധനങ്ങൾക്ക് അമിതവിലയാണ്. വൈദ്യുതിരംഗവും ആരോഗ്യരംഗവും പരമദയനീയമാണ്. നമ്മുടെ നാടിന്റെ സാധ്യതകളെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നില്ല.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രവർത്തനനിരതമായ ഒരു സർക്കാരെന്ന നിലയ്ക്ക് എല്ലാ മേഖലകളിലും വളർച്ചയുടെ സൂചനയുണ്ടാക്കിയ ഒരു സർക്കാരാണ് ഇത്. എല്ലാ മേഖലകളിലും സർവ്വസ്പർശിയായ ഒരു ഭരണസാന്നിധ്യമാണ് കഴിഞ്ഞ നാലുവർഷവും കേരളത്തിൽ അനുഭവപ്പെട്ടത്. ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും സൗരോർജ്ജ ഉൽപ്പാദനം മെച്ചപ്പെടുത്താൻ മതിയായ ഫണ്ട് അനുവദിക്കുന്നതിനും കുടിവെള്ള പദ്ധതികൾക്ക് മുൻഗണന കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം. ചെക്ക് ഡാമുകൾ ധാരാളമായി നിർമ്മിച്ച് ജലസ്രോതസ്സുകൾ കൃഷിക്കും മറ്റ് അനുബന്ധ കാര്യങ്ങൾക്കും ഉപയോഗപ്പെടുത്തണം. പി.എച്ച്.സി-യും സി.എച്ച്.സി-യും ശക്തിപ്പെടുത്തുന്നതിന് ഫണ്ട് ലഭ്യമാക്കണം. ജനകീയ വിരുദ്ധമായ നിലപാടുകൾ അവസാനിപ്പിക്കുന്നതിന് പ്രോത്സാഹനം

കൊടുക്കണം. സംസ്ഥാനത്ത് സർവ്വേ പൂർത്തിയാക്കിയ പന്ത്രണ്ട് റെയിൽവേ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. പാതകൾ ഇരട്ടിപ്പിക്കുന്നതിനും സ്പീഡ് ട്രെയിനുകൾ ഓടിക്കുന്നതിന് പര്യാപ്തമായ രീതിയിൽ ട്രാക്കുകൾ നിർമ്മിക്കുന്നതിനും യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കണം. സംവരണ സമുദായങ്ങൾക്ക് അർഹതപ്പെട്ട എൻ.സി.എ. വേക്കൻസികൾ രണ്ടു പ്രാവശ്യം മാത്രം നോട്ടിഫിക്കേഷൻ നൽകി നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. നികുതി പിരിവിൽ കുറവുവരുത്തിയും ധൂർത്തും അനാവശ്യ ചെലവുകളും നടത്തിയും കേരളത്തെ സാമ്പത്തിക തകർച്ചയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്ന സമീപനമാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് അഴിമതി വർദ്ധിച്ചുവരികയാണ്. ചീഫ് സെക്രട്ടറി മുതൽ വില്ലേജ് ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ അഴിമതി നടത്തുന്ന സ്ഥിതിയാണുള്ളത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിതരണം ചെയ്യുന്ന സ്റ്റൈപ്പന്റിന്റെ നിശ്ചിത ശതമാനം കമ്മീഷനായി ആവശ്യപ്പെടുന്ന സ്ഥിതിപോലും ഉണ്ടായിരിക്കുകയാണ്. സോളാർ വിവാദം, ബാർക്കോഴ വിവാദം തുടങ്ങിയവയിലെ ആരോപണ വിധേയരെ കുറ്റവിമുക്തരാക്കുന്ന സമീപനമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്.

രൂക്ഷമായ വിലക്കയറ്റം തടയുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. പൊതുവിതരണ സംവിധാനം താറുമാറായിരിക്കുകയാണ്. കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചയും കടക്കെണിയുംമൂലം കർഷകർ ആത്മഹത്യ ചെയ്യുന്ന അവസ്ഥ ഉണ്ടായിരിക്കുന്നു. വയലുകൾ വ്യാപകമായ തോതിൽ നികത്തപ്പെടുന്നു. ഓപ്പറേഷൻ കുബേര പദ്ധതി പരാജയപ്പെട്ടു. വിഴിഞ്ഞം പദ്ധതിയുടെ കാര്യത്തിൽ അദാനി ഗ്രൂപ്പുമായി ഏർപ്പെട്ടിരിക്കുന്ന കരാറിന്റെ സുതാര്യത സംബന്ധിച്ച് പരിശോധന നടത്തണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റിൽ വീഴ്ച സംഭവിച്ചു എന്ന പ്രതിപക്ഷ വാദം അടിസ്ഥാനരഹിതമാണ്. ആഭ്യന്തര ഉല്പാദനത്തിൽ ദേശീയ ശരാശരിയേക്കാൾ വർദ്ധനവുണ്ടായി എന്നത് ഭരണരംഗത്ത് ഫലപ്രദമായി ഇടപെടുന്നതിന്റെ തെളിവാണ്. നികുതിപിരിവിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. പ്രതിസന്ധികൾക്കിടയിലും വൻ വികസന പദ്ധതികൾ നടപ്പാക്കാനും ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കാരുണ്യ, ശ്രുതിതരംഗം എന്നീ പദ്ധതികൾ ശ്രദ്ധേയമാണ്. ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെയാണ് ആസ്തി വികസന ഫണ്ട് അനുവദിക്കുന്നത്. വിഴിഞ്ഞം തുറമുഖപദ്ധതിയെ എതിർക്കുന്ന നിലപാട് ശരിയല്ല.

റോഡുവികസന രംഗത്ത് സമാനതകളില്ലാത്ത മുന്നേറ്റമാണ് നടന്നിരിക്കുന്നത്. നാളികേര സാധ്യതകളെ പ്രയോജനപ്പെടുത്തണമെന്ന അന്തരിച്ച മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാമിന്റെ നിർദ്ദേശം നീര പദ്ധതിയിലൂടെ പ്രാവർത്തികമാക്കാൻ സർക്കാരിന് സാധിച്ചു. റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട് കർഷകരെ സഹായിക്കുന്നതിന് ഹെൽപ്ഡെസ്ക് സ്ഥാപിക്കണം.

<u>ശ്രീ. സണ്ണി ജോസഫ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതികൾ യാഥാർത്ഥ്യമാക്കാൻ നേതൃത്വം നൽകിയ സർക്കാരാണിത്. സന്തുലിതമായ വികസനമാണ് സർക്കാർ നടപ്പാക്കുന്നത്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ സർക്കാർ കോളേജുകളും പഞ്ചായത്തടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി സ്കൂളുകളും അനുവദിക്കുന്നതിന് സർക്കാർ നടപടിയെടുത്തു. പുതിയ താലൂക്കുകൾ രൂപീകരിക്കുകയും അനുബന്ധ ആവശ്യങ്ങൾക്കായി താലൂക്ക് സപ്ലൈ ഓഫീസുകൾ അനുവദിക്കുകയും ചെയ്തു. ശാസ്ത്രീയമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ രൂപീകരിച്ചതിനെ എതിർക്കുന്നത് ശരിയല്ല. സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനും നടപടിയെടുത്തു. കാരുണ്യ പദ്ധതിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയും പാവപ്പെട്ട രോഗികൾക്ക് ആശ്വാസം പകരുന്നു. റോഡുകൾ

നവീകരിക്കുന്നതിലും വികസനത്തിന് തുക അനുവദിക്കുന്നതിലും സർക്കാർ വിവേചനം കാണിച്ചിട്ടില്ല.

<u>ശ്രീ. എം. എ. ബേബി</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രഖ്യാപനങ്ങൾ നടത്തുകയും ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്താതിരിക്കുകയും വകയിരുത്തുന്ന തുക ചെലവഴിക്കാതിരിക്കുകയും ചെയ്യുന്ന സർക്കാരാണിത്. സംസ്ഥാനത്തിന്റെ സമഗ്രമായ സാമ്പത്തിക വളർച്ചയ്ക്കും പുരോഗതിക്കുമായി നടപ്പാക്കുന്ന പദ്ധതികളുടെ ആനുകൂല്യം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കെ.എസ്.ആർ.ടി.സി.-യുടെ കെടുകാര്യസ്ഥതമൂലം അവിടെ നിന്നും വിരമിച്ചവർ ആത്മഹത്യ ചെയ്യുന്ന ദയനീയസ്ഥിതി ഉണ്ടായിരിക്കുകയാണ്. പരസ്യ ഇനത്തിൽ മാത്രം 150 കോടി രൂപ ചെലവാക്കിയ സർക്കാരാണിത്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. ന് സീറ്റ് നഷ്ടമാകുന്ന സ്ഥിതിവിശേഷമാണുള്ളത്. ആഭ്യന്തര വകുപ്പിന് ഏറ്റെടുക്കുന്ന ഉത്തരവാദിത്വം ശരിയായ രീതിയിൽ നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. സൗരോർജ്ജ മേഖലയ്ക്ക് കൂടുതൽ ഫണ്ട് നീക്കിവയ്ക്കാൻ തയ്യാറാകണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ഗാഡ്ഗിൽ/ കസ്തൂരിരംഗൻ റിപ്പോർട്ട് സംബന്ധിച്ച് പ്രായോഗികമായ സമീപനം സ്വീകരിക്കുകയും വനസംരക്ഷണവും പരിസ്ഥിതി സംരക്ഷണവും ഉറപ്പുവരുത്തുകയും ചെയ്ത സർക്കാരാണിത്. തീരദേശ സംരക്ഷണ നിയമംമൂലം തീരദേശവാസികൾക്കുണ്ടായ ആശങ്ക ദൂരീകരിക്കുന്നതിനും ഭവന നിർമ്മാണപദ്ധതികൾക്കായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും നടപടി സ്വീകരിക്കണം. പുതുതായി ആരംഭിക്കുന്ന സർവ്വകലാശാലയ്ക്ക് എ.പി. ജെ. അബ്ദുൾ കലാം കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്ന് നാമകരണം ചെയ്യാനുള്ള സർക്കാരിന്റെ തീരുമാനം അഭിനന്ദനാർഹമാണ്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സ്വകാര്യകുത്തകകൾക്ക് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ അടിയറവ് വയ്ക്കുന്ന നയമാണ് സർക്കാർ സ്വീകരിക്കുന്നത്. അഴിമതിയെ സ്ഥാപിതവൽക്കരിക്കുകയും കെ.എസ്.ആർ.ടി.സി.-യുടെ ദേശസാൽകൃത റൂട്ടുകളിലടക്കം സ്വകാര്യപെർമിറ്റ് അനുവദിച്ച് കൊടുക്കുകയും ചെയ്യുന്ന സർക്കാരാണിത്. സർക്കാർ പ്രഖ്യാപനങ്ങളൊന്നും പ്രാവർത്തികമാക്കുന്നില്ല. വാഗ്ദാന ലംഘനമാണ് സർക്കാരിന്റെ മുഖമുദ്ര. അനധികൃത കെട്ടിടനിർമ്മാണങ്ങളേയും നിലംനികത്തലിനെയും സാധൂകരിച്ചു കൊടുക്കുന്ന നടപടിയാണ് സ്വീകരിക്കുന്നത്.

കർഷക ക്ഷേമത്തിനായി അനുവദിച്ച കേന്ദ്രവിഹിതമായ 251.32 കോടി രൂപ വിനിയോഗിക്കാതെ തിരിച്ചടച്ച സർക്കാരാണിത്. വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മകാരണം വികസന മുരടിപ്പാണ് സംസ്ഥാനത്ത് നടക്കുന്നത്.

ശ്രീ. എം.പി. അബ്ദു സമദ് സമദാനി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സുചിന്തിതവും ജനകീയവുമായ ഒട്ടേറെ നടപടികൾ പൂർത്തിയാക്കാൻ സർക്കാരിന് കഴിഞ്ഞു. കാർഷിക മേഖലയ്ക്ക് സർക്കാർ നൽകുന്ന പ്രാധാന്യം അഭിനന്ദനാർഹമാണ്. സാമ്പത്തിക പ്രക്രിയകൾക്ക് മനുഷ്യ കേന്ദ്രീകൃതമായ അവസ്ഥാവിശേഷം പകർന്നുനൽകണം. മനുഷ്യജീവന് ഭീഷണിയായി മാറിയിരിക്കുന്ന തെരുവുനായ്ക്കളുടെ ആക്രമണത്തെക്കുറിച്ച് സഭ ചർച്ച ചെയ്യണം. ആരോഗ്യത്തിന് ഹാനികരമാകുന്ന തരത്തിലുള്ള ഭക്ഷ്യവസ്തുക്കൾക്കെതിരായ ബോധവൽക്കരണവും അവയെ പുറന്തള്ളാനുള്ള നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. വിദേശചൂഷക ശക്തികൾക്കെതിരെ കക്ഷിരാഷ്ട്രീയ ഭേദമെന്യേ ഉണർന്നു പ്രവർത്തിക്കണം.

ശ്രീ. പി. തിലോത്തമൻ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ സാധാരണക്കാരുടെ ജനജീവിതം ദുസ്സഹമാക്കിയെന്നതാണ് സർക്കാരിന്റെ ഭരണനേട്ടം. വികസനകാര്യത്തിൽ സാർവ്വത്രികമായ മുരടിപ്പാണ് നിലനിൽക്കുന്നത്. പരമ്പരാഗത തൊഴിൽ മേഖലയെ തകർക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്.

രൂക്ഷമായ തൊഴിലില്ലായ്മയാണ് സംസ്ഥാനം അഭിമുഖീകരിക്കുന്നത്. പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനോ അടച്ചുപൂട്ടിയ വ്യവസായശാലകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനോ നിലവിലുള്ള ആധുനിക വ്യവസായങ്ങളെ ആരോഗ്യകരമായി വളർത്തിക്കൊണ്ടുവരാനോ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. റബ്ബർ, നാളികേരം എന്നിവയുടെ വിലയിടിവിന് പരിഹാരമുണ്ടാക്കാനുള്ള യാതൊരു ശ്രമവും നടത്തുന്നില്ല. വിദ്യാഭ്യാസ-ആരോഗ്യ മേഖലകൾ നേരിടുന്ന വെല്ലുവിളികൾ സർക്കാർ കണ്ടില്ലെന്ന് നടിക്കുകയാണ്. കാൻസർ രോഗം വ്യാപകമായിക്കൊണ്ടിരിക്കുന്നതിന്റെ അടിസ്ഥാനപരമായ കാരണങ്ങളെ സംബന്ധിച്ച് പഠനം നടത്താനും പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കാനും തയ്യാറാകണം. പൊതുവിദ്യാഭ്യാസ മേഖല നിലവാരത്തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. തെറ്റായ നയസമീപനങ്ങൾ തിരുത്താൻ സർക്കാർ തയ്യാറാകണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആധുനിക വിദ്യാഭ്യാസം, ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ, അടിസ്ഥാന സൗകര്യ വികസനം എന്നിവ പുതിയ തലമുറയ്ക്ക് പ്രദാനം ചെയ്യുന്നതിൽ സർക്കാർ അത്ഭുതകരമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇലക്ട്രോണിക് രംഗത്തുണ്ടായ വളർച്ച കാർഷിക മേഖലയിലും ഉണ്ടാകണം. ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും സ്റ്റാർട്ട്

അപ്പ് വില്ലേജുകൾ വികസിപ്പിക്കാനും നടപടിയുണ്ടാകണം. കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്ര വിഹിതവും വെട്ടിക്കുറയ്ക്കാനുള്ള തീരുമാനംമൂലം വികസന രംഗത്തുണ്ടാകുന്ന വിഘാതം മാറ്റിയെടുക്കാൻ കഴിയണം. താനൂർ ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുകയും കേന്ദ്ര മാനദണ്ഡമനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സംസ്ഥാന സർക്കാർ സന്നദ്ധമാണെന്ന് അറിയിക്കുകയും വേണം. പരിമിതമായ സാമ്പത്തിക പരിമിതിക്കുള്ളിൽനിന്ന് ഏഴോളം സ്വപ്ന പദ്ധതികൾ യാഥാർത്ഥ്യമാക്കാനും സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പി.എസ്.സി. വഴി കൂടുതൽ പേർക്ക് നിയമനം നൽകാനും കഴിഞ്ഞത് സ്തുത്യർഹമായ കാര്യമാണ്. സമൂഹത്തിൽ ഭിന്നതയും ഛിദ്രതയുമുണ്ടാക്കുന്ന വർഗ്ഗീയ ശക്തികൾക്ക് കടന്നുവരാൻ അവസരം സൃഷ്ടിക്കുന്ന സമീപനങ്ങളിൽനിന്നും ഇടതുപക്ഷം പിന്തിരിയണം.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യാഥാർത്ഥ്യം അംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. പ്രതിപക്ഷം ഉന്നയിക്കുന്ന ആരോപണങ്ങൾ ജനകീയ കോടതിയിൽ ബോധ്യപ്പെടുത്തുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. സമസ്ത മേഖലകളിലും വികസന പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം കരുതൽ എന്ന മുഖമുദ്രയുമായാണ് ഗവൺമെന്റ്

മുന്നോട്ടുപോകുന്നത്. ഭവനനിർമ്മാണ രംഗത്ത് കാര്യക്ഷമമായി ഇടപെടാനും വിവിധ രോഗബാധിതർക്കായി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്താനും കുടിവെള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കാനും കാർഷിക മേഖലയ്ക്ക് മുൻഗണന നൽകാനും കഴിയണം. ശാസ്ത്രീയമായ രീതിയിൽ പൈനാപ്പിൾ കൃഷി നടത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമമായി ഇടപെടാനും വിവിധ കോടതികളിലും ട്രൈബ്യൂണലിലും കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുമാവശ്യമായ സംവിധാനത്തിന് രൂപം നൽകണം. വരാൻപോകുന്ന തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ വർദ്ധിത വീര്യത്തോടെ യു.ഡി.എഫ്. വിജയിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. അനുവദിച്ച തുക യഥാസമയം വിനിയോഗിക്കാത്തതും രാസവള സബ്സിഡിയും സൗജന്യ വൈദ്യുതി കണക്ഷനും നിഷേധിച്ചതും കാർഷികമേഖലയെ രൂക്ഷമായ പ്രതിസന്ധിയിലാക്കുകയും പാലക്കാട്, വയനാട് ജില്ലകളിൽ 35 കർഷകരുടെ മരണത്തിനിടയാക്കുകയും ചെയ്തു. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം 2008 വരെ നികത്തിയ നെൽവയലുകൾക്ക് സാധൂകരണം നൽകുന്നതിനെക്കുറിച്ച് പരിശോധിക്കണം. സീലിംഗ് ഇല്ലാതാക്കിയിരിക്കുന്ന പ്ലാന്റേഷൻ ഭൂമിയുടെ കൈമാറ്റവുമായി ബന്ധപ്പെട്ട് സ്റ്റാമ്പ്ഡ്യൂട്ടി 1000 രൂപയാക്കി

നിജപ്പെടുത്തിയതിലൂടെ 4000 കോടി രൂപയുടെ റവന്യൂവരുമാനം നഷ്ടമായിരിക്കുകയാണ്. കേരളത്തിലെ മിക്ക പൊതുമേഖലാ സ്ഥാപനങ്ങളും പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. മത്സ്യത്തൊഴിലാളികളുടെ സ്ഥിതി ദയനീയമാണ്. ആരോഗ്യമേഖലയും വിദ്യാഭ്യാസമേഖലയും വൻതകർച്ചയെ അഭിമുഖീകരിക്കുകയാണ്. വിദ്യാഭ്യാസ കമ്പോളവത്കരണവും വരേണ്യവത്കരണവും വർഗ്ഗീയവത്കരണവുമാണ് നടന്നുകൊണ്ടിരിക്കുന്നത്. തൊഴിൽ-സാമൂഹ്യനീതി വകുപ്പുകളിൻകീഴിലുള്ള ക്ഷേമപെൻഷനുകളെല്ലാം കുടിശ്ശികയാണ്. ഇ.എം.എസ്. ഭവന പദ്ധതി, ഐ.എ.വൈ പദ്ധതി എന്നിവ അട്ടിമറിക്കപ്പെട്ടു. പ്ലാൻ ഫണ്ട് ദുർവിനിയോഗവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏകോപനമില്ലായ്മയും ഗവൺമെന്റിന്റെ വീഴ്ചയെയാണ് സൂചിപ്പിക്കുന്നത്. വാർഡ് വിഭജനത്തിലും വിവിധ തസ്തികകളിലേയ്ക്കുള്ള പി.എസ്.സി. നിയമനങ്ങളിലും വൻ അഴിമതിയാണ് നടത്തിയിരിക്കുന്നത്. പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെയും സിവിൽ സർവ്വീസ് മേഖലയിലെയും നിയമനങ്ങളിൽ പക്ഷപാതപരമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. റവന്യൂ-ജലസേചന വകുപ്പുകളിൽ നിയമന നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. പി.എസ്.സി.യെ നോക്കുകുത്തിയാക്കിക്കൊണ്ടുള്ള നിയമനരീതി അവസാനിപ്പിക്കുന്നതിനും

എസ്.സി./എസ്.ടി. വകുപ്പിനായി അനുവദിച്ചിട്ടുള്ള തുകയും അഡീഷണൽ സെൻട്രൽ അസിസ്റ്റൻസും പൂർണ്ണമായി വിനിയോഗിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കണം. സംസ്ഥാനത്ത് നടമാടുന്ന സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളും ലോക്കപ്പ് മർദ്ദനങ്ങളും കസ്റ്റഡി മരണങ്ങളും പോലീസ് സേനയിലെ ക്രിമിനൽവത്കരണവും അവസാനിപ്പിക്കണം.

(ഉപധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗം ബഹിഷ്കരിച്ച് പ്രതിപക്ഷം സഭ വിട്ട് പുറത്തുപോയി.)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പോർട്ട് ഡിപ്പാർട്ടുമെന്റിന് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ക്രെയിൻ, പാസഞ്ചർ ടെർമിനൽ തുടങ്ങിയ നിർമ്മാണ പ്രവർത്തനവും എക്യുപ്മെന്റ്സ് വാങ്ങലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാനുള്ള നടപടി ആരംഭിക്കുകയും ചെയ്തു. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ക്രെയിൻ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു. കൊല്ലം പാസഞ്ചർ ബർത്തിന്റെ ശിലാസ്ഥാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉടൻ തന്നെ നിർവ്വഹിക്കുന്നതാണ്. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് അഴിമതി നടന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. സി.വി.സി.യുടെ മാനദണ്ഡങ്ങൾക്കും സുപ്രീം കോടതി വിധിക്കുമനുസൃതമായി സംസ്ഥാന ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ സ്റ്റോർ

പർച്ചേയ്സ് ഡിപ്പാർട്ടുമെന്റും ലാ ഡിപ്പാർട്ടുമെന്റും പരിശോധിച്ച് ആഗോളടെണ്ടറിലൂടെ സുതാര്യമായാണ് വിഴിഞ്ഞത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ലെറ്റർ ഓഫ് അവാർഡ് നൽകിയിട്ടുള്ളത്. മാത്രമല്ല, ഈ ടെണ്ടർ സംബന്ധിച്ചുള്ള മുഴുവൻ രേഖകളും വെബ്സൈറ്റിൽ പബ്ലിഷ് ചെയ്തിട്ടുമുണ്ട്. മലയാളം വാരികയിൽ വന്നിട്ടുള്ള വാർത്ത അടിസ്ഥാനരഹിതമാണ്. ഒന്നു മുതൽ 40 ശതമാനം വരെ നാല്പത് വർഷം കൊണ്ട് ലാഭവിഹിതം കിട്ടുന്ന വിധത്തിലാണ് കരാർ ഒപ്പിട്ടിരിക്കുന്നത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): ശ്രീ. എ.കെ. ബാലൻ 251 കോടി രൂപ പാഴാക്കിയെന്ന് സഭയിൽ പറഞ്ഞത് അടിസ്ഥാനരഹിതമായ കാര്യമാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): 2011-2012 മുതൽ 2014-2015 വരെയുള്ള കാലയളവിൽ 1046 പദ്ധതികൾ ബഡ്ജറ്റിലൂടെ അവതരിപ്പിച്ചതിൽ ഭരണാനുമതി നൽകിയവ, പൂർത്തിയായവ, വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നവ, നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നവ എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലായി പദ്ധതിപ്രവർത്തനം പുരോഗമിച്ചുവരുന്നു. ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ആവശ്യമായ ട്രാൻസ്ഫറുകൾ മാത്രമേ നടത്തിയിട്ടുള്ളൂ. പക്ഷിപ്പനിമൂലം ധാരാളം കോഴികളെ കൊല്ലേണ്ടിവരികയും

കോമ്പൻസേഷൻ കൊടുക്കേണ്ടി വരികയും ചെയ്തതിനാൽ കോഴിയുടെ ടാക്സ് വർദ്ധിപ്പിക്കേണ്ടിവന്നു. റബ്ബറിന്റെ വിലയിടിവ്, മോട്ടോർ വാഹന നികുതി, എണ്ണ കമ്പനികളിൽ നിന്നുള്ള നികുതി, പെട്രോൾ, ഡീസൽ വില, ബിറ്റുമിൻ, ഫർനെസ് ഓയിൽ വിൽപ്പന, സ്വർണ്ണത്തിന്റെ കോമ്പൗണ്ടിംഗ് നിരക്ക് എന്നിവയിൽ വന്ന കുറവുമൂലം നികുതി വരുമാനം ഗണ്യമായി കുറയാനിടയായി. അരി, ഗോതമ്പ്, സൂചി, ആട്ട, റവ എന്നിവയെ നികുതിയിൽനിന്ന് ഒഴിവാക്കിയതും, ബാർ ഹോട്ടലുകൾ അടച്ചതും ബിവറേജസ് കോർപ്പറേഷനിൽ നിന്നുള്ള ഉൽപ്പന്ന വിൽപ്പനയിൽ വന്ന കുറവും പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാരുടെ പിരിവിലെ അനാസ്ഥയും കാരണം നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം അനുസരിച്ച് റോഡ്-കെട്ടിട വിഭാഗത്തിലും ജലവിഭവ വകുപ്പിനുമുള്ള കുടിശ്ശികകൾ ബാങ്കുകൾ വഴി കൊടുത്തു തുടങ്ങി. സാമൂഹ്യ ക്ഷേമ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, കാരുണ്യ ബെനവലന്റ് ഫണ്ട് തുടങ്ങിയവയ്ക്കായി അനുവദിച്ച തുകകൾ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് എത്തിക്കുന്ന രീതി ഏർപ്പെടുത്തി. ഭൂമിയുടെ അടിസ്ഥാന നികുതി കുറയ്ക്കുന്നതിനെക്കുറിച്ച് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കും. വിപണി ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് 65 കോടി രൂപയും റേഷൻ സബ്സിഡിക്കായി 206 കോടി രൂപയും നെല്ല് സംഭരണത്തിനായി 125 കോടി രൂപയും അനുവദിച്ചതുകൂടാതെ നെല്ല്

സംഭരണത്തിനാവശ്യമായ തുക സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവ വഴി കടമെടുക്കാനുള്ള അനുവാദവും നൽകി. റവന്യൂ കമ്മി കണക്കാക്കുന്നത് ഒഴിവാക്കാനായി ലെഡ്ജർ അക്കൗണ്ട് സമ്പ്രദായം ഏർപ്പെടുത്തി. റബ്ബർ സബ്സിഡി ബാങ്ക് അക്കൗണ്ട് വഴി കർഷകർക്ക് ലഭിക്കുന്ന രീതി നടപ്പിലാക്കുകയും ഒരു കിലോ റബ്ബറിന് 150 രൂപ ഉറപ്പാക്കുകയും ചെയ്തു. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. നാളികേര കർഷകരെ സഹായിക്കുന്നതിനായി ക്രിയാത്മകമായ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നു. പൈനാപ്പിൾ കർഷകരുടെ പ്രശ്നം പരിശോധിച്ചതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കും. ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം

എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം

നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## നിയമനിർമ്മാണകാര്യം

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി)

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള

കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കോമ്പൻസേഷൻ കൊടുത്തും അല്ലാതെയും ഏറ്റെടുത്ത കാപെക്സിന്റെ ഫാക്ടറികൾ, നിലവിലുള്ള നിയമത്തിലെ ഒരു വകുപ്പ് സുപ്രീം കോടതി ക്യാൻസൽ ചെയ്തു കാരണം ഉടമകൾക്ക് വിട്ടുകൊടുക്കേണ്ടി വന്നു. ആ പ്രശ്നം പരിഹരിക്കാനാണ് ഈ നിയമഭേദഗതി കൊണ്ടുവരുന്നത്.

ശ്രീ. വി. ശശി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പരമ്പരാഗത വ്യവസായങ്ങളോട് നല്ല സമീപനമല്ല ഈ ഗവൺമെന്റ് കാണിക്കുന്നത്. കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്ത 36 സ്ഥാപനങ്ങളും തിരിച്ച് കൊടുക്കേണ്ടിവന്ന സാഹചര്യം ഈ ഭേദഗതി വന്നാലും ഉണ്ടാകുമെന്നാണ് സൂചിപ്പിക്കാനുള്ളത്. കൈത്തറി വ്യവസായത്തിന് ഏർപ്പെടുത്തിയ സെയിൽസ് ടാക്സ് പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. സാജു പോൾ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇത് മുൻഫാക്ടറി ഉടമകളുടെ താൽപ്പര്യം സംരക്ഷിക്കാനുതകുന്ന ഒരു ബില്ലാണ്. കശുവണ്ടി

മേഖലയിലെ പ്രശ്നം വളരെ രൂക്ഷമാണ്. ഈ മേഖലയിൽ പണിയെടുക്കുന്നതിൽ 98 ശതമാനവും സ്ത്രീകളാണ്. കയർ, കശുവണ്ടി, കൈത്തറി, കരകൗശലം, മത്സ്യബന്ധനം, ഈറ്റ, പനമ്പ്, തടിവെട്ട്, മരവ്യവസായം തുടങ്ങിയ എല്ലാ മേഖലകളും ഇന്ന് പ്രതിസന്ധിയിലാണ്. കശുവണ്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം. ട്രാവൻകൂർ റയോൺസിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജനകീയ പ്രശ്നങ്ങളിൽ വിരുദ്ധ നിലപാട് സ്വീകരിക്കുന്ന ധനകാര്യ വകുപ്പിന്റെ സമീപനത്തിൽ മാറ്റം വരുത്തുന്നതിനും തയ്യാറാകണം.

<u>ശ്രീ. എം. പി. വിൻസന്റ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ കശുവണ്ടി തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ മേഖലയിൽ പണിയെടുക്കുന്ന മൂന്നുലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികൾക്ക് സംരക്ഷണം നൽകുന്നതിനുള്ള ഗൗരവപൂർണ്ണമായ കടമയാണ് ഈ ഭേദഗതി ബില്ലിലൂടെ നിറവേറ്റപ്പെടുന്നത്. ആക്ട് നിലവിൽ വരുന്നതിനുമുമ്പും അതിനുശേഷവും അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ

സർക്കാരിന് ഏറ്റെടുക്കാമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് തികച്ചും തൊഴിലാളി താല്പര്യങ്ങൾക്ക് അനുസൃതമാണ്. കോടതികളിൽ നിന്നും ലഭിച്ച പ്രതികൂലവിധികൾ തരണം ചെയ്യാനും ഇത് പര്യാപ്തമാണ്. കശുവണ്ടി തല്ലുന്ന തൊഴിലാളികൾക്ക് നിയമപരമായ പരിരക്ഷ നൽകുന്നതിനും തൊഴിൽസംരക്ഷണം ഉറപ്പുവരുത്തുന്നതിനും സ്വകാര്യ മുതലാളിമാരുടെ ചൂഷണത്തിന് അന്ത്യംകുറിക്കുന്നതിനും ഈ ഭേദഗതി ബിൽ സഹായിക്കും.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ മൂന്നുലക്ഷത്തോളം വരുന്ന കശുവണ്ടിത്തൊഴിലാളികളുടെ സ്ഥിതി അത്യന്തം പരിതാപകരമാണ്. ന്യായമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനോ പി.എഫ്. കുടിശ്ശിക തീർക്കുന്നതിനോ യാതൊരു നടപടികളുമുണ്ടാകുന്നില്ല. സർക്കാർ ഫണ്ട് ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്യുകയാണ്. വിലക്കയറ്റം മൂലം ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്ക് മിനിമം കൂലി നൽകുന്നതിനും കെടുകാര്യസ്ഥതയും അഴിമതിയും ഒഴിവാക്കി കശുവണ്ടിമേഖലയെ ശുദ്ധീകരിക്കുന്നതിനും കാസർഗോഡ് ജില്ലയിൽ കശുവണ്ടി ഫാക്ടറികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കശുവണ്ടി മേഖലയിൽ സർക്കാർ നടത്തുന്ന ഫാക്ടറികൾ നഷ്ടപ്പെടരുതെന്ന ഉദ്ദേശ്യത്തോടെ ബഹു. സുപ്രീംകോടതി വിധി മറികടക്കുന്നതിനാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ലഭ്യമായ നിയമോപദേശ പ്രകാരം അതിന് ഈ ബിൽ മതിയാകുമെന്നാണ് കരുതുന്നത്. ട്രേഡ് യൂണിയൻ പ്രതിനിധികളടങ്ങുന്ന ബോർഡാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത് എന്നതിനാൽ കശുവണ്ടി മേഖലയിൽ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്തം അവർക്കാണ്. ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നം ഫണ്ടില്ലാത്തതാണ്. പണം ലഭ്യമല്ലാത്തപ്പോൾ തോട്ടണ്ടി കടം വാങ്ങുകയും പകരം പരിപ്പ് കൊടുക്കുകയും ചെയ്യുന്ന സിസ്റ്റം സുതാര്യതയില്ലാത്തതും മാനദണ്ഡങ്ങൾ പാലിക്കപ്പെടാത്തതും അഴിമതിക്കിടയാക്കുന്നതുമാണെന്നുള്ള അഭിപ്രായമാണ് ധനകാര്യ പരിശോധനാ വിഭാഗം പ്രകടിപ്പിച്ചിരിക്കുന്നത്. അതിനെ അഴിമതിയും കെടുകാര്യസ്ഥതയുമായി വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഈ സിസ്റ്റം തുടരണമോ എന്നുള്ള കാര്യം ക്യാബിനറ്റിന്റെ പരിഗണനയിലിരിക്കുകയാണ്. അപാകതകളുണ്ടെങ്കിൽ അന്വേഷിക്കാമെന്നും സിസ്റ്റം മാറ്റുന്നതിന് സമയം ആവശ്യമാണെന്നുമാണ് സർക്കാർ കോടതിയിൽ ബോധിപ്പിച്ചത്. നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ കൂടി ഉൾപ്പെടുത്തി തൊഴിൽ കൊടുക്കുന്ന രീതിയിൽ തുക

അനുവദിച്ച് ഫാക്ടറികൾ തുറക്കുന്നതിനുള്ള തീരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ട്രാവൻകൂർ റയോൺസിന്റെ കാര്യം ക്യാബിനറ്റിന്റെ പരിഗണനയിലാണ്. ഹാന്റ്ലൂമിന് ഏർപ്പെടുത്തിയ ടാക്സ് ഒഴിവാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## രണ്ടാം വകുപ്പ്

113, 118, 119 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ നിരാകരിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

128, 129, 130, 132, 133, 134, 135 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>നാലാം വകുപ്പ്</u>

137,138, 140, 141, 142, 143, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

142. In section 9(9) proposed to be inserted in the principal Act by clause 4, after the words " give possession" the words " the right and the title" shall be added.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>അഞ്ചാം വകുപ്പ്</u>

ഭേദഗതികൾ ക്രമാനുസൃതമല്ലാത്തതിനാൽ അവതരിപ്പിച്ചില്ല.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

105, 107, 109 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഈ നിയമം പാസ്സാകുന്നതോടുകൂടി മെമ്പർമാർക്ക് ആശങ്കയില്ലാത്തവിധം കോടതിയിൽ സമർപ്പിച്ച് ഫാക്ടറികളുടെ ഓണർഷിപ്പ് നിലനിർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി(ശ്രീ.കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## ഗവൺമെന്റ് പ്രമേയം

### വിദ്യാഭ്യാസ വായ്പ കുടിശ്ശിക

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിദ്യാഭ്യാസ ലോൺ റിലയൻസിന് വിറ്റ എസ്.ബി.ടി. യുടെ നിലപാടിനെക്കുറിച്ച് സബ്മിഷൻ വന്നപ്പോൾ ഒരു പ്രമേയം പാസ്സാക്കണമെന്ന അഭിപ്രായം വന്നതിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷത്തിന്റെയും കൂടി അഭിപ്രായം സ്വീകരിച്ചാണ് ഈ പ്രമേയം തയ്യാറാക്കിയിട്ടുള്ളത്. മൽസ്യത്തൊഴിലാളികളുടെ കടം എസ്.ബി.ഐ. അസെറ്റ് റീ കൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ് (ARCL) എന്ന കമ്പനിക്ക് വിറ്റിരിക്കുകയാണ്. ഈ ട്രെന്റ് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. അതിനാൽ താഴെപ്പറയുന്ന പ്രമേയം കേന്ദ്രഗവൺമെന്റിന് അയച്ച് ശക്തമായി പ്രതികരിക്കേണ്ടതുണ്ട്.

'പൊതുമേഖലാ ബാങ്കായ എസ്.ബി.ടി. യുടെ വിദ്യാഭ്യാസ വായ്പയുടെ എൻ.പി.എ. കുടിശ്ശിക പിരിച്ചെടുക്കാൻ സ്വകാര്യ സ്ഥാപനമായ റിലയൻസിനെ എസ്.ബി.ടി. ചുമതലപ്പെടുത്തിയിരിക്കുകയാണ്. സ്വതന്ത്ര ഇന്ത്യയിലെ

സാമ്പത്തിക മേഖലയിലെ വിപ്ലവകരമായ തീരുമാനമായ ബാങ്ക് ദേശവൽക്കരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ പരാജയപ്പെടുത്തുവാനുള്ള നീക്കമാണിത്. കേരളത്തിലെ സാധാരണക്കാരായ ലക്ഷക്കണക്കിന് കുടുംബങ്ങൾ ഭീതിയോടും ആശങ്കയോടുംകൂടി നോക്കിക്കാണുന്ന ഈ തീരുമാനം പിൻവലിക്കാൻ എസ്.ബി.ടി. മാനേജ്മെന്റിന് നിർദ്ദേശം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് സഭ ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു'.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി

## റൂളിംഗ്

## സർവ്വകലാശാലയ്ക്ക് പേര് നൽകൽ

മി. സ്പീക്കർ: മുൻ രാഷ്ട്രപതിയുടെ പേര് ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് നൽകുമെന്ന് പ്രോ-വൈസ് ചാൻസലർ പരസ്യപ്രസ്താവന നടത്തി എന്നുള്ള ഒരു ക്രമപ്രശ്നം ശ്രീമതി ജമീല പ്രകാശം ഉന്നയിച്ചിട്ടുണ്ട്. സഭയുടെ പരിഗണനയിലിരിക്കുന്ന ഒരു ബില്ലിന്റെ പേര് മാറ്റുമെന്ന് പത്രമാധ്യമം വഴി പ്രൊ-വൈസ്ചാൻസലർ നടത്തിയ പ്രസ്താവന ക്രമവിരുദ്ധമാണ്. ഇത്തരത്തിലുള്ള പ്രസ്താവന ഉദ്യോഗസ്ഥന്മാർ നടത്തുന്നത് ആശാസ്യമല്ല. ഗവൺമെന്റ്

ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകണമെന്ന് ചെയർ റൂളിംഗ് നൽകുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഗവൺമെന്റ് നിശ്ചയമായും അതിനെക്കുറിച്ച് അന്വേഷിക്കും. പ്രൊ-വൈസ്ചാൻസലർ അങ്ങനെ ഒരു പ്രസ്താവന നടത്തിയിട്ടുണ്ടെങ്കിൽ അത് ഏത് സാഹചര്യത്തിലാണെന്നുള്ളത് സംബന്ധിച്ച് അദ്ദേഹത്തോട് വിശദീകരണം ചോദിക്കുന്നതാണ്.

## (ii) 2015– ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015– ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

## കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് ഡോ. എ.പി.ജെ. അബ്ദുൾകലാമിന്റെ പേരിടുന്നത് സംബന്ധിച്ച്

ശ്രീ. ജി. സുധാകരൻ: സഭയിൽ ഈ ബിൽ ചർച്ച ചെയ്ത് നിയമമാകുന്നതിനുമുമ്പ് പ്രസ്തുത യൂണിവേഴ്സിറ്റിക്ക് ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേര് നൽകാമെന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശത്തെ എതിർക്കുന്നില്ല.

സർക്കാരിന് ഈ ബില്ലിൽത്തന്നെ അദ്ദേഹത്തിന്റെ പേര് കൊണ്ടുവരികയോ ബിൽ പാസ്സായതിനുശേഷം പ്രഖ്യാപിക്കുകയോ ചെയ്യാമായിരുന്നു. കേരളത്തിന്റെ സർവ്വകലാശാലയായ കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് ഈ പേര് കൊടുത്തിരുന്നെങ്കിൽ ഉചിതമാകുമായിരുന്നു. കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാലയെന്നത് 133 സ്വാശ്രയ കോളേജുകളുടെ യൂണിവേഴ്സിറ്റിയാണ്. പ്രസ്തുത സർവ്വകലാശാലയ്ക്ക് അദ്ദേഹത്തിന്റെ പേര് കൊടുക്കുന്നതിനെ എതിർക്കുന്നില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ടെക്നിക്കൽ വിദ്യാഭ്യാസ രംഗത്ത് വളരെയേറെ മാറ്റങ്ങൾക്ക് ഇടയാക്കാൻ സാധിക്കുന്ന ഒന്നാണ് ഈ സർവ്വകലാശാല. ടെക്നോളജിക്കൽ ഡെവലപ്മെന്റ് സ്വപ്നം കാണുകയും അത് യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുകയും ചെയ്ത വ്യക്തിത്വത്തിന് ഉടമയാണ് ഡോ. എ.പി. ജെ. അബ്ദുൾ കലാം. അദ്ദേഹത്തെ ഓർക്കുന്ന ഈ അവസരത്തിൽത്തന്നെ ബിൽ സഭയിൽവന്നതുകൊണ്ടാണ് അദ്ദേഹത്തിന്റെ പേര് ഇടുന്നത് ഏറ്റവും ഉചിതമാണെന്ന് തോന്നിയത്. വിദ്യാഭ്യാസ മന്ത്രി ഔദ്യോഗികമായി ഭേദഗതി അവതരിപ്പിക്കുന്നുണ്ട്. എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളും അഫിലിയേറ്റ് ചെയ്തിരിക്കുന്നത് ഈ

ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്കാണ്. കൊച്ചി ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റി ഒരു അഫിലിയേറ്റഡ് യൂണിവേഴ്സിറ്റിയല്ല. അതൊരു സെൻട്രലൈസ്ഡ് യൂണിവേഴ്സിറ്റിയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ് ): അറിവാണ് ഏത് മേഖലയുടെയും വികസനത്തിനാധാരമെന്ന് ആവർത്തിച്ചുപറഞ്ഞ മുൻരാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാമിന്റെയും ഇന്ത്യയെ വ്യാവസായിക വിപ്ലവത്തിലേയ്ക്ക് കൈപിടിച്ചുയർത്തിയ രത്തൻ റ്റാറ്റയുടെയും വാക്കുകൾ ഉൾക്കൊണ്ടുകൊണ്ടാണ് സാങ്കേതികവിദ്യാഭ്യാസ മേഖലയുടെ നൂതനമായ മാറ്റത്തിന് തുടക്കം കുറിച്ചുകൊണ്ട് ഈ ബിൽ അവതരിപ്പിക്കുന്നത്. ഇന്ത്യയെ വികസനത്തിന്റെ സ്വപ്നം കാണാൻ പഠിപ്പിക്കുകയും ആ സ്വപ്നങ്ങൾക്ക് നിറം പകരുകയും ചെയ്ത മഹാനായ എ.പി.ജെ.യുടെ സ്മരണ നിലനിർത്തുന്നതിനായി ഈ സർവ്വകലാശാലയ്ക്ക് അദ്ദേഹത്തിന്റെ പേര് നൽകണമെന്ന മുഖ്യമന്ത്രിയുടെ അഭിപ്രായം ഉൾക്കൊണ്ടുകൊണ്ട് എ.പി.ജെ. അബ്ദുൾ കലാം കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല എന്ന് പേര് നൽകാനാണ് ഉദ്ദേശിക്കുന്നത്. രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിന് നിർണ്ണായക പങ്ക് വഹിക്കുന്നത് സാങ്കേതിക വിദ്യാഭ്യാസ മേഖലയാണ്.

ഇന്ത്യയിൽ നിലവിലുള്ള 693 സർവ്വകലാശാലകളിൽ ആഗോളതലത്തിൽ മെച്ചപ്പെട്ട സർവ്വകലാശാലകളിൽ ഒന്നുപോലും ഉൾപ്പെടുന്നില്ലെന്നത് ഗൗരവത്തോടുകൂടി കാണേണ്ടതുണ്ട്. സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒരു കുടക്കീഴിലാക്കി ഏകീകൃത സിലബസും പരീക്ഷാ സമ്പ്രദായങ്ങളും നടപ്പിലാക്കി സാങ്കേതിക വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും ആഗോള നിലവാരത്തിലേയ്ക്ക് സ്ഥാപനങ്ങളെ വളർത്തിയെടുക്കുന്നതിനുമാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. കാലത്തിന്റെ മാറ്റം ഉൾക്കൊണ്ടുകൊണ്ട് സമൂഹത്തോടൊപ്പം നടക്കാനും നൂതന സങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി വികസനത്തിന്റെ പുതിയ മേഖല തുറന്നുകാട്ടാനും ഈ ബില്ലിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത രീതികളിൽനിന്നും മാറി ചിന്തിച്ച് തൊഴിൽ നൈപുണ്യമുള്ള പുതുതലമുറയെ വാർത്തെടുക്കുന്നതിനാണ് കേരള സാങ്കേതിക ശാസ്ത്രസർവ്വകലാശാല ഊന്നൽ നൽകുന്നത്. സാങ്കേതികവിദ്യാഭ്യാസ മേഖലയിലെ പഠനം പൂർണ്ണമായി ക്രെഡിറ്റ് സമ്പ്രദായത്തിലേയ്ക്ക് മാറിയാൽ ആഗോളതലത്തിൽ കൂടുതൽ സ്വീകാര്യതയും പ്രാധാന്യവും കൈവരും. സാങ്കേതികവിദ്യാഭ്യാസ മേഖലയെ ഒരു പുതിയ തലത്തിലെത്തിക്കുന്നതിന് ഈ സർവ്വകലാശാലയ്ക്ക്

കഴിയുമെന്നാണ് പ്രത്യാശിക്കുന്നത്. പുതുതലമുറയെ തൊഴിൽ നൈപുണ്യവും കഴിവും പ്രാഗത്ഭ്യവുമുള്ള മേഖലകളിലേയ്ക്ക് വഴി തിരിച്ചുവിട്ട് നൂതനാശയങ്ങളും ഒട്ടനവധി പദ്ധതികളും നൽകി സാങ്കേതികവിദ്യാഭ്യാസമേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് നാന്ദി കുറിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷനാണ് ഈ സർവ്വകലാശാല പ്രാമുഖ്യം നൽകുന്നത്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കൂടുതൽ സ്വാതന്ത്ര്യം കൊടുത്തുകൊണ്ടുള്ള ഈ സർവ്വകലാശാല രൂപീകരണം സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റത്തിന് നാന്ദികുറിക്കുന്ന ഒന്നാകും. അക്കാദമിക വിദഗ്ദ്ധരേയും ദേശീയ സാങ്കേതികസ്ഥാപനങ്ങളിലെ പ്രഗത്ഭരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോർഡ് ഓഫ് ഗവർണ്ണേഴ്സ്, അക്കാദമിക് സമിതി, ഗവേഷണ കൗൺസിൽ എന്നിവ സർവ്വകലാശാലയെ കാലത്തിനൊപ്പം ചുവടുവയ്ക്കാൻ സഹായിക്കും. വിദ്യാർത്ഥികളിൽ തൊഴിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ഒരു വർഷംവരെ പഠനത്തിൽനിന്നും മാറി ഔദ്യോഗിക അവധിയെടുക്കാനുള്ള അവസരവും അഭിരുചിക്കനുസൃതമായ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിനും അവസരം നൽകും. സബ്ജക്ട് കമ്മിറ്റി മൂന്നുതവണ യോഗം ചേർന്ന് ചർച്ച നടത്തിയശേഷം ഭരണ പ്രതിപക്ഷ

ഭേദമെന്യേ നൽകിയ ഭേദഗതികൾ ഒരുപോലെ സ്വീകരിച്ചുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

<u>ശ്രീ. എം. എ. ബേബി</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബിൽ നിയമമാകുന്നതോടെ വിദ്യാഭ്യാസമേഖലയിൽ മൂലധനശക്തികൾക്ക് കടന്നുവരാനും അവർക്ക് പ്രാതിനിധ്യം കിട്ടാനുമുതകുന്ന അവസ്ഥ സൃഷ്ടിക്കുമെന്നതിൽ തർക്കമില്ല. ബില്ലിന്റെ അന്ത:സത്തയ്ക്ക് കോട്ടം വരുന്ന രീതിയിലുള്ള നിർദ്ദേശങ്ങൾ ഒഴിവാക്കിവേണം പാസ്സാക്കേണ്ടത്. പ്രമുഖനായ വ്യവസായിയെ ചെയർമാനാക്കാനുള്ള നിർദ്ദേശമാണ് ആദ്യം ബില്ലിലുണ്ടായിരുന്നത്. ലാഭം വർദ്ധിപ്പിക്കാൻവേണ്ടി സ്വകാര്യ മൂലധനം വിദ്യാഭ്യാസ രംഗത്തേയ്ക്ക് കടന്നുവരുന്നതിന് സർക്കാർ കൂട്ടുനിൽക്കരുത്. സ്വകാര്യവൽക്കരണ സമീപനത്തിന്റെ ഭാഗമായാണ് ഈ നിയമത്തിൽ സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾക്ക് പ്രാധാന്യം നൽകുന്ന സ്വയംഭരണ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അക്കാദമികമായ സ്വയംഭരണത്തിന്റെ പേരിൽ ഓരോ വിദ്യാഭ്യാസ സ്ഥാപനവും നടത്തിക്കൊണ്ടുപോകാനുള്ള പണം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ സംഭരിക്കണമെന്ന നിലപാട് സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ കാര്യത്തിലും സംഭവിക്കുമോ എന്ന ഉത്കണ്ഠ

പങ്കുവയ്ക്കുകയാണ്. ഇതൊരു നോമിനേറ്റഡ് അംഗ സർവ്വകലാശാലയാണെന്നുള്ളത് ഏറ്റവും ഗുരുതരമായ ബലഹീനതയാണ്. തെരഞ്ഞെടുക്കപ്പെടുന്ന നിയമസഭാംഗങ്ങളെയും നിയമസഭാ സ്പീക്കർ നോമിനേറ്റ് ചെയ്യണമെന്നായിരുന്നു മൂലനിയമത്തിലെ നിർദ്ദേശം. വനിതാ പട്ടികജാതി പ്രാതിനിധ്യം ഉൾപ്പെടെ നിയമസഭാംഗങ്ങളുടെ എണ്ണം മൂന്നിൽനിന്നും അഞ്ചാക്കി ഉയർത്താനും വിദ്യാർത്ഥി കൗൺസിൽ ഉൾപ്പെടുത്താനുമുള്ള സബ്ജക്ട് കമ്മിറ്റി തീരുമാനം അംഗീകരിക്കണം. ബോർഡ് ഓഫ് ഗവർണേഴ്സിലെ മുഴുവൻ ആളുകളും നോമിനേറ്റ് ചെയ്യപ്പെടുന്നവരോ ഗവൺമെന്റ് പ്രതിനിധികളായിവരുന്ന എക്സ്-ഒഫീഷ്യോ അംഗങ്ങളോ മാത്രമാണെന്നത് ഈ നിയമത്തിന്റെ ഒരു പോരായ്മയാണ്. സംവരണം സംബന്ധിച്ച അവ്യക്തതകളും വിദ്യാർത്ഥി പ്രവേശനത്തിൽ മെറിറ്റും സംവരണവും ഉറപ്പാക്കാൻ കഴിയുമോയെന്ന ആശങ്കയും ബില്ലിൽ നിലനിൽക്കുകയാണ്. സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പണം കൊടുത്താൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് അഭിരുചിയോ യോഗ്യതയോ ഇല്ലെങ്കിലും പഠിക്കാനുള്ള സാഹചര്യമാണ് നിലവിലുള്ളത്. എഞ്ചിനീയറിംഗ് പഠനത്തിന് പ്രവേശനപ്പരീക്ഷയിൽ മിനിമം മാർക്കെങ്കിലും നേടണമെന്ന വ്യവസ്ഥ എടുത്തുകളഞ്ഞ് പ്രവേശനപ്പരീക്ഷ എഴുതുന്നവർക്കെല്ലാം സ്വകാര്യ സ്വാശ്രയ മാനേജ്മെന്റ് കോളേജുകളിൽ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം ലഭിക്കുമെന്ന

അവസ്ഥ സർക്കാർ സൃഷ്ടിച്ചിരിക്കുകയാണ്. പ്രവേശന പരീക്ഷ എഴുതിയ വിദ്യാർത്ഥിക്ക് മൈനസ് മാർക്കാണ് ലഭിക്കുന്നതെങ്കിൽപോലും പ്രവേശനം നൽകാൻ സർക്കാർ അംഗീകാരം നൽകുകയും കണക്കിന് മിനിമം 50 ശതമാനം മാർക്ക് വേണമെന്ന നിബന്ധന ഒഴിവാക്കിയിരിക്കുകയുമാണ്. സാങ്കേതിക പഠന മേഖലയിൽ നിലവാരം കാത്തുസൂക്ഷിക്കാനുള്ള എ.ഐ.സി.ടി.ഇ.-യാണ് ഇത്തരത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. അർഹതയുള്ള വിദ്യാർത്ഥികൾക്കെല്ലാം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ സംവരണം ഉറപ്പാക്കണം. മാനേജ്മെന്റ് സീറ്റിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നൽകണം. വിദ്യാഭ്യാസം എന്നത് നൈപുണ്യം നേടിയെടുക്കാൻ മാത്രമുള്ളതല്ലെന്നും മൂല്യങ്ങൾ കാത്തുസൂക്ഷിക്കാൻ കൂടിയുള്ളതാണെന്നുമുള്ള തിരിച്ചറിവ് ഉണ്ടാകണം. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംവരണവും മെറിറ്റും പാലിച്ച് പ്രവേശനം നൽകണം. ഇത്തരത്തിലുള്ള കാതലായ ഭേദഗതികൾ ബില്ലിൽ ഉൾക്കൊള്ളിക്കണം.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കലാലയ രാഷ്ട്രീയം ക്യാമ്പസുകളിൽനിന്ന് പടിയിറങ്ങിയാലുണ്ടാകുന്ന അപകടങ്ങൾ തിരിച്ചറിയാൻ സർക്കാർ തയ്യാറായിരിക്കുന്നു എന്നതിൽ സന്തോഷം രേഖപ്പെടുത്തുകയാണ്. വിദ്യാർത്ഥി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യവും

അംഗീകരിക്കാൻ തയ്യാറാകുകയുണ്ടായി. നോമിനേറ്റഡ് അംഗങ്ങൾക്ക് ഭൂരിപക്ഷമുള്ള ബില്ലാണിത്. വിദ്യാഭ്യാസ മേഖലയെക്കുറിച്ച് സമഗ്രമായി പഠിച്ച് ഡി.എച്ച്. കോത്താരി സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചതുപോലെ സർവ്വകലാശാലകളുടെ ഭരണസമിതികളിൽ ജനാധിപത്യ സ്വഭാവമുണ്ടായിരിക്കണമെന്ന വ്യവസ്ഥ കവർന്നെടുക്കുന്ന ബില്ലാണിത്. ലോകബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം പദ്ധതിയിൽനിന്ന് ധനസഹായം ലഭിക്കണമെങ്കിൽ സംസ്ഥാനത്തെ ഓരോ എഞ്ചിനീയറിംഗ് കോളേജുകളും സ്വയംഭരണ സ്വഭാവത്തോടുകൂടിയുള്ളതായിരിക്കേണ്ടതാണ് എന്ന് പ്രസ്താവിച്ചിരിക്കുന്നു. ഗവൺമെന്റ് കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ സ്വാശ്രയ കോളേജുകളായി മാറാൻ പോകുന്നു എന്ന അപകടവും ഈ ബില്ലിലുണ്ട്. കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിൽനിന്നുള്ള ഗവൺമെന്റ് നിക്ഷേപം വെട്ടിക്കുറച്ച് പൂർണ്ണമായ ഗവൺമെന്റ് പിൻമാറ്റം ഉണ്ടാക്കുന്നതിനുള്ള അന്തരീക്ഷമൊരുക്കാനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. അക്കാദമിക് സ്വയംഭരണാവകാശം അപകടരമായ അവസ്ഥയിലേയ്ക്ക് നയിക്കും. സർക്കാർ ധനസഹായമുള്ള എയിഡഡ് കോളേജിൽ പുതിയ കോഴ്സ് ആരംഭിക്കുന്നതിനുള്ള ഫണ്ട് കോളേജുകൾ കണ്ടെത്തണമെന്ന വ്യവസ്ഥ നടപ്പിലാക്കിയാൽ

ഗവൺമെന്റ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ വരികയും ഘട്ടംഘട്ടമായി സ്വാശ്രയ കോളേജുകളായി പരിണമിക്കുന്ന അവസ്ഥയുണ്ടാകുകയും ചെയ്യും. സോഷ്യൽ കൺട്രോളും അക്കൗണ്ടബിലിറ്റിയും ഉറപ്പുവരുത്താൻ കഴിയണം. കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ ഫണ്ട് കോളേജുകൾ തന്നെ ലഭ്യമാക്കിയാൽ സംവരണം നഷ്ടമാകുകയും ഉയർന്ന ഫീസ് കൊടുക്കുന്നവർക്ക് മാത്രമായി പ്രവേശനം പരിമിതപ്പെടുകയും ചെയ്യും. സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയുടെ ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ പുറത്തുവന്നിരിക്കുന്ന സാഹചര്യത്തിൽ അവഗണിക്കപ്പെട്ടുകിടക്കുന്ന പിന്നോക്ക ജനവിഭാഗങ്ങൾക്കുള്ള സംവരണം സ്വയംഭരണാവകാശം കൈവരുന്നതോടുകൂടി നഷ്ടപ്പെടുമെന്ന സത്യം തിരിച്ചറിയണം. ഗവൺമെന്റ് കോളേജുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. പുതിയതായി ആരംഭിച്ച പി.ജി. കോഴ്സുകൾക്കും മെഡിക്കൽ കോളേജുകളിലും ആവശ്യമായ അധ്യാപക തസ്തിക സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള ശക്തമായ നടപടികൾ ഉണ്ടാകണം. അധാർമ്മികതയുടെ വിളനിലമായി സർവ്വകലാശാലകൾ മാറിയിരിക്കുകയാണ്. പിൻവാതിലിലൂടെ സ്വകാര്യ സർവ്വകലാശാല കൊണ്ടുവരാനുള്ള നീക്കം അവസാനിപ്പിക്കണം. സ്വകാര്യ സർവ്വകാലാശലയ്ക്ക് തത്വത്തിൽ അനുവാദം നല്കിയിരിക്കുകയാണ്. സ്വകാര്യ സർവ്വകലാശാലകൾ വന്നാൽ അറിവിന്റെ

കുത്തകവത്കരണത്തിലേയ്ക്കും ദുർബല വിഭാഗങ്ങളുടെ ഫീസ് ആനുകൂല്യവും സംവരണതത്വവും അട്ടിമറിക്കപ്പെടുന്ന സ്ഥിതിയിലേയ്ക്കും ഈ മേഖല മാറും. സർവ്വകലാശാലയിലെ ബോർഡ് ഓഫ് ഗവർണേഴ്സും നിർവ്വാഹക സമിതിയും പൂർണ്ണമായും നോമിനേറ്റഡാണ്. ഈ സർവ്വകലാശാലയിലൂടെ കേരളം നേരിടുന്ന വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന വിധത്തിൽ മാനേജ്മെന്റ് , റൂറൽ ടെക്നോളജി, ബയോടെക്നോളജി എന്നീ മേഖലകളിലെ വിദഗ്ധരെയും ഗവേഷണ വിദ്യാർത്ഥി പ്രതിനിധികളെയും അനധ്യാപക പ്രതിനിധികളെയും ഉൾപ്പെടുത്തി ഗവേണിംഗ് കൗൺസിലിൽ മാറ്റങ്ങൾ വരുത്തണം. സർവ്വകലാശാലയുടെ അക്കൗണ്ടുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വാർഷിക ഓഡിറ്റിംഗിന് വിധേയമാക്കുകയും അത് സംസ്ഥാന നിയമസഭയിൽ യഥാകാലം സമർപ്പിക്കേണ്ടതാണെന്നുകൂടി ബില്ലിന്റെ 51-ാം വകുപ്പിൽ ചേർക്കണം. കാർഷിക സർവ്വകലാശാല, കാലടി സംസ്കൃത സർവ്വകലാശാല എന്നിവയ്ക്ക് ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ സാധിച്ചില്ലെന്നു മാത്രമല്ല, ഇവ സമൂഹത്തിന് നൽകിയിട്ടുള്ള സംഭാവനകളെപ്പറ്റി ചർച്ച ചെയ്യപ്പെടേണ്ടതുമാണ്. സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടിൽ മാറ്റം വരുത്തണം. പൊതുമേഖലയിലെ വിദ്യാഭ്യാസസ്ഥാപനങ്ങളോടുള്ള അവഗണന ഒഴിവാക്കി ഉന്നത-സാങ്കേതിക-മെഡിക്കൽ വിദ്യാഭ്യാസ മേഖലകളുടെ നിലവാരം

ഉറപ്പുവരുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ഡോ. കെ. റ്റി. ജലീൽ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പിറക്കാൻ പോകുന്ന കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേര് നൽകാമെന്ന തീരുമാനത്തെ സഹർഷം സ്വാഗതം ചെയ്യുന്നു. വിജ്ഞാന മേഖലകളിൽ ഗവേഷണവും ഗ്രാഹ്യമായ തുടർ പഠനങ്ങളും അനിവാര്യമാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടക്കം കുറിച്ച സർവ്വകലാശാലയ്ക്ക് പൂർണ്ണത നൽകിയ ഗവൺമെന്റ് അഭിനന്ദനമർഹിക്കുന്നു. കോളേജുകൾക്ക് ഭരണ അക്കാദമിക സ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുമ്പോഴും ഭരിക്കുന്നവരുടെ ഇംഗിതത്തിനനുസരിച്ച് തുള്ളുന്ന ആശ്രിത സ്ഥാപനമാക്കി സാങ്കേതിക സർവ്വകലാശാലയെ മാറ്ററുത്. കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ നികത്താൻ സർവ്വകലാശാല സർവ്വീസ് കമ്മീഷൻ രൂപീകരിക്കുന്നതിനെപ്പറ്റിയും സർവ്വകലാശാലയുടെ ഉന്നതാധികാര സ്ഥാനങ്ങളിൽ പ്രഗത്ഭരെ നിയമിക്കുന്നതിനെപ്പറ്റിയും വ്യാവസായിക മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള സർവ്വകലാശാലകൾ ആരംഭിക്കുന്നതിനെപ്പറ്റിയും ഗൗരവമായി പരിശോധിക്കണം. ടെക്നോപാർക്കുമായും ഇൻഫോപാർക്കുമായും വിവിധ സൈബർ സിറ്റികളുമായി യൂണിവേഴ്സിറ്റികളെയും കോളേജുകളെയും ബന്ധിപ്പിക്കുവാൻ ആസൂത്രിതമായ നീക്കമുണ്ടാവണം. കോൺസ്റ്റിറ്റ്യുവന്റ്

കോളേജുകൾ സെൽഫ് ഫിനാൻസിംഗ് മേഖലയിൽ ആരംഭിക്കരുതെന്നും അവിടെ പോസ്റ്റ് ഗ്രാജുവേഷനും ഗവേഷണവും മാത്രമേ നടത്താവൂയെന്നും സർക്കാർ കോളേജുകളിൽ വാങ്ങുന്ന ഫീസ് ഈടാക്കണമെന്നുമുള്ള വ്യവസ്ഥ ബില്ലിലുണ്ടാകണം. സർക്കാർ കോളേജുകളിലെ ഫീസ് തന്നെ കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകളിലും വാങ്ങുന്നതിനായി ബില്ലിൽ പ്രത്യേക നിർദ്ദേശമുണ്ടാകണം. ഒരു ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയാണിതെന്ന് ഉറപ്പുവരുത്തുകയും ബില്ലിലെ പോരായ്മകൾ പരിഹരിച്ച് അവ്യക്തതകൾ ഒഴിവാക്കുകയും ചെയ്യണം. വൈസ് ചാൻസലറുടെ യോഗ്യതയും പ്രായവും കൃത്യമായി ബില്ലിൽ നിഷ്കർഷിക്കണം. എയിഡഡ് കോളേജിനെ പ്രതിനിധീകരിക്കുന്ന ഒരു മാനേജർ കൂടി ബോർഡ് ഓഫ് ഗവർണേഴ്സിൽ ഉണ്ടാകണം. നിലവിലുള്ള ഓട്ടോണമസ് കോളേജിന്റെ വ്യവസ്ഥകളാണോ ഇവിടെയും ബാധകമാകുന്നത് എന്ന് ബില്ലിൽ വ്യക്തമാക്കണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജനാധിപത്യ രാഷ്ട്രത്തിൽ ആദ്യം ജനാധിപത്യവൽക്കരിക്കേണ്ടത് വിദ്യാഭ്യാസത്തെയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വന്നുകൊണ്ടിരിക്കുന്ന തിരിച്ചടികളെയും പോരായ്മകളെയും സംബന്ധിച്ച് പരിശോധിക്കാനും നടപടി സ്വീകരിക്കാനുമുള്ള സംവിധാനം ബില്ലിലുണ്ടാകണം. സർവ്വകലാശാലകളിലെ നിയമനവും വിദ്യാർത്ഥി പ്രവേശനവും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സംവരണം ഉറപ്പുവരുത്താനുള്ള

ഉത്തരവാദിത്വം സർക്കാരിലോ സർവ്വകലാശാലയിലോ നിക്ഷിപ്തമാകുന്ന വിധത്തിലുള്ള സംവിധാനമുണ്ടാകണം. സർവ്വകലാശാലകളിൽ നടത്തിയ ഗവേഷണങ്ങൾ സമൂഹത്തിന് പുതിയ സംഭാവനകൾ നൽകാൻ എത്രമാത്രം കഴിഞ്ഞുവെന്നുള്ളത് സംബന്ധിച്ച പരിശോധന അനിവാര്യമാണ്. ജനാധിപത്യമതേതര മൂല്യങ്ങളിലൂന്നിയ സമൂഹസൃഷ്ടിക്ക് ക്യാമ്പസിൽ വിദ്യാർത്ഥി സംഘടനാ സ്വാതന്ത്ര്യം അനുവദിക്കേണ്ടത് ആവശ്യമാണ്.

ശ്രീ. വി. റ്റി. ബൽറാം: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതിക ശാസ്ത്രത്തിന്റെയും മേഖലയിൽ കൈവരിച്ച നേട്ടങ്ങളിലൂടെയാണ് സൗരയൂഥത്തിലെ അനന്ത ഗ്രഹങ്ങളെ തേടിപ്പോകാനുള്ള കരുത്തുണ്ടായത്. ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ പേരിൽത്തന്നെ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് നൽകാനുള്ള തീരുമാനമെടുത്ത ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. ഈ സർവ്വകലാശാലയുടെ ഭാഗമായി നടപ്പാക്കുന്ന കോഴ്സുകളെ 'പ്രോഗ്രാമുകൾ' എന്നും അതിൽ പഠിപ്പിക്കുന്ന ഓരോ പേപ്പറുകളെ 'കോഴ്സുകൾ' എന്നും പരമാധികാര സമിതിയെ 'ഗവേർണിംഗ് കൗൺസിൽ' എന്നും പുനർനാമകരണം ചെയ്യുന്നതായിരിക്കും കൂടുതൽ ഉചിതം. കാസർഗോഡ് മുതൽ തിരുവനന്തപുരം

വരെയുള്ള 14 ജില്ലകളെയും കവർ ചെയ്യുന്ന ഒരു യൂണിവേഴ്സിറ്റി എന്ന നിലയിൽ തൃശ്ശൂർ ആയിരിക്കണം അനുയോജ്യമായ ആസ്ഥാനമെന്ന് സൂചിപ്പിക്കുകയാണ്. നിലവിലുള്ള മറ്റ് യൂണിവേഴ്സിറ്റികളിലെ താൽപ്പര്യമുള്ള ആളുകൾക്ക് ഈ പുതിയ സർവ്വകലാശാലയിലേയ്ക്ക് മാറാനുള്ള സൗകര്യമൊരുക്കുമെന്ന് പറയുന്നത് സ്വാഗതാർഹമാണ്. വിദ്യാർത്ഥികൾക്ക് അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന സാഹചര്യമുണ്ടാകണം. സർവ്വകലാശാലയുടെ അധികാരങ്ങളും ചുമതലകളും എന്ന ഹെഡ്ഡിലെ XXII-ാം ഖണ്ഡത്തിൽ 'വിദ്യാർത്ഥികളുടെമേൽ നിയന്ത്രണം ഏർപ്പെടുത്തു'മെന്ന് പറയുന്നതിലെ 'നിയന്ത്രണം' എന്ന വാക്ക് ഒഴിവാക്കിയാൽ നന്നായിരിക്കും. ജനാധിപത്യ സമ്പ്രദായങ്ങളുടെ നിയന്ത്രണത്തിലൂടെയായിരിക്കണം വൈസ് ചാൻസലർ മുന്നോട്ടുപോകേണ്ടതെന്നും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരത്തോടെയാണ് സർവ്വകലാശാല അദ്ധ്യാപകരെ വി.സി. നിയമിക്കേണ്ടതെന്നും ബില്ലിൽ പറയുന്നുണ്ട്. ബോർഡ് ഓഫ് ഗവർണേഴ്സിന്റെ മീറ്റിംഗ് വർഷത്തിൽ കുറഞ്ഞത് നാല് തവണയെങ്കിലും ചേരാനുള്ള സാഹചര്യമുണ്ടാകണം. ഇതിന്റെ അംഗസംഖ്യ റെസ്ട്രിക്ട് ചെയ്ത് 38 അംഗങ്ങളിലേയ്ക്ക് ചുരുക്കേണ്ട കാര്യമുണ്ടോയെന്ന് പരിശോധിക്കണം. വിദ്യാർത്ഥി കൗൺസിലിന്റെ ഒരു പ്രതിനിധി ബോർഡ് ഓഫ് ഗവർണേഴ്സിൽ വരുന്നതിനോടൊപ്പം അഞ്ച് പുതിയ വിദ്യാർത്ഥി പ്രതിനിധികളെങ്കിലും

തെരഞ്ഞെടുപ്പിലൂടെ വരാനുള്ള സാഹചര്യമുണ്ടാക്കണം. ബോർഡ് ഓഫ് ഗവർണേഴ്സിൽ ആയിരം കോടിരൂപയിൽ കൂടുതൽ വിറ്റുവരവുള്ള ഒരു വ്യവസായ സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റാങ്കിൽ കുറയാതെയുള്ള ഒരാൾ ഉണ്ടായിരിക്കണമെന്ന ക്ലോസ് സംബന്ധിച്ച് നിയമത്തിൽ വ്യക്തത വേണം. സെക്ഷൻ 23-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന തലക്കെട്ടിൽ (i) ടെക്നോളജി ബേയ്സ്ഡ് ഇൻഡസ്ട്രിയോ ബിസിനസ്സോ നടത്തുന്ന ഒരു എമിനന്റ് ഇൻഡസ്ട്രിയലിസ്റ്റ് എന്ന രീതിയിൽ മാറ്റുന്നത് ഉചിതമായിരിക്കും. ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗസംഖ്യ വിപുലപ്പെടുത്തി റൂറൽ/ഓൾട്ടർനേറ്റീവ് ടെക്നോളജിയിൽ വക്താക്കളായവരെയും പേറ്റന്റ് നിയമത്തിൽ അവഗാഹവും പരിചയവുമുള്ള അഭിഭാഷകരെയും അഫിലിയേറ്റഡ് കോളേജുകളിലെ പ്രഗത്ഭരായ അദ്ധ്യാപകരെയും അഞ്ച് വിദ്യാർത്ഥി പ്രതിനിധികളെയും ഉൾപ്പെടുത്തണം. വിദ്യാർത്ഥി പ്രതിനിധികളിൽ ഒരാളെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തണം. മൂന്നുമാസത്തിലൊരിക്കലെങ്കിലും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ യോഗം വിളിച്ചുചേർക്കണം. നിർവ്വാഹക സമിതിയിലുള്ള അദ്ധ്യാപകരിൽ നിന്നും സ്വകാര്യ കോളേജ് മാനേജർമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളെ ബോർഡ് ഓഫ് ഗവർണേഴ്സിലും ഉൾപ്പെടുത്തി സുതാര്യത ഉറപ്പാക്കണം. നിർവ്വാഹകസമിതിയുടെ ക്വാറം ഏഴ് ആയി ഉയർത്തണം. ഗവേഷണ

കൗൺസിലിൽ ഒരു വിദ്യാർത്ഥിനിയുൾപ്പെടെ രണ്ട് വിദ്യാർത്ഥി പ്രതിനിധികളെയെങ്കിലും ഉൾപ്പെടുത്തണം. സെക്ഷൻ 71-ൽ സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട പരാമർശത്തിലെ പൊരുത്തക്കേട് ഒഴിവാക്കണം. സെക്ഷൻ 67(1)-ൽ വിദ്യാർത്ഥികൾക്കെതിരെ അച്ചടക്കനടപടി കൈക്കൊള്ളുന്നതിനുള്ള പൂർണ്ണഅധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാക്കണം.

<u>ശ്രീ. ആർ. രാജേഷ്</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വിദ്യാർത്ഥികളുടെ അക്കാഡമിക് നിലവാരം ഉയർത്താൻ പര്യാപ്തമായ നിലയിലേയ്ക്ക് കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാലയെ മാറ്റിയെടുക്കണം. ശാസ്ത്ര സാങ്കേതിക രംഗത്ത് സംഭാവനകൾ നൽകാൻ പ്രാപ്തരായ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ കഴിവുകൾ വളർത്തിക്കൊണ്ടുവരാൻ ഉതകുന്ന ഒരു സ്ഥാപനമായി ഇത് നിലകൊള്ളണം. സി.ഇ.ടി.യിലെ ലൈബ്രറിയുടെ പ്രവർത്തന സമയം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിക്ക് അന്തരിച്ച മുൻരാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേര് നൽകണം. ടെക്നിക്കൽ യൂണിവേഴ്സിറ്റി

യാഥാർത്ഥ്യമാകുമ്പോൾ ശാസ്ത്രസാങ്കേതിക രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകാൻ കഴിയുന്ന വിദ്യാർത്ഥിസമൂഹത്തെ വാർത്തെടുക്കാൻ സാധിക്കണം. നവീകരിച്ച കോഴ്സുകൾ ആരംഭിക്കുന്നതിനും നിലവാരമുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്നതിനും കഴിയണം. നിലവിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പഠനനിലവാരത്തെ സംബന്ധിച്ച് ആശങ്കയുള്ള സാഹചര്യത്തിൽ യൂണിവേഴ്സിറ്റി രൂപീകരിക്കുമ്പോൾ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് പ്രഥമ പരിഗണന നൽകണം. പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിധത്തിലുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനും സർക്കാർ തയ്യാറാകണം. പരിസ്ഥിതി സൗഹൃദമായ ഭവനനിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ ഗവേഷണങ്ങളുണ്ടാകണം. നിർവ്വാഹക സമിതിയിലേക്കും ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്കും വിദ്യാർത്ഥി പ്രതിനിധിയെ ഉൾപ്പെടുത്താൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. ആരോഗ്യ സർവ്വകലാശാലയുടേതുപോലെ തെരഞ്ഞെടുക്കപ്പെട്ട പത്ത് വിദ്യാർത്ഥി പ്രതിനിധികളെ ബോർഡ് ഓഫ് ഗവർണേഴ്സിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. പ്രോ വൈസ് ചാൻസലറുടെ യോഗ്യത നിശ്ചയിക്കുകയും വൈസ് ചാൻസലറുടെ യോഗ്യത നിശ്ചയിക്കാതിരിക്കുകയും

ചെയ്യുന്നത് ശരിയല്ല. യൂണിവേഴ്സിറ്റിയിലെ ഒരു സ്ഥാനത്തേയ്ക്ക് വരുന്ന ആൾക്ക് ഇത്രയും സമ്പത്തുണ്ടാകണമെന്ന് നിശ്ചയിക്കുന്നത് ശരിയല്ല, അടിസ്ഥാനപരമായ യോഗ്യതകൾ കൂടി ഉൾപ്പെടുത്തി അക്കാര്യത്തിൽ ഭേദഗതി വരുത്തണം. മാനേജ്മെന്റ് സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന്റെ മാനദണ്ഡവും മെരിറ്റടിസ്ഥാനത്തിലാക്കണം. ഏറെ വർഷങ്ങൾ കഴിഞ്ഞിട്ടും കുസാറ്റിനെ ഐ.ഐ.ടി. നിലവാരത്തിലെത്തിക്കാൻ കഴിയാത്ത കാര്യം പരിശോധനാ വിധേയമാക്കണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ഭേദഗതിയെ പിന്താങ്ങുന്നു. ഭരണഘടന അനുശാസിക്കുന്ന മതേതര-ജനാധിപത്യ-സോഷ്യലിസ്റ്റ് ഭരണക്രമത്തിൽനിന്ന് വ്യതിചലിക്കാതെയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. സർവ്വകലാശാലാ വൈസ് ചാൻസലർമാരുടെ തെരഞ്ഞെടുപ്പ് കക്ഷി രാഷ്ട്രീയത്തിന് അതീതമാകണം. അധികാര ദുർവിനിയോഗം നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സർക്കാരിന് കഴിയണം. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള വ്യക്തികളുടെ പ്രാതിനിധ്യം യൂണിവേഴ്സിറ്റികളിൽ ഉണ്ടാകണം. സ്വാശ്രയ സ്ഥാപനങ്ങളെ സംരക്ഷിക്കാൻ കഴിയുന്ന രീതിയിലുള്ള നിലപാടാണ് ഈ ബില്ലിൽ സ്വീകരിച്ചിരിക്കുന്നത്. ശാസ്ത്ര സാങ്കേതിക മേഖലയിൽ വിദ്യാർത്ഥികളെ വികസിപ്പിച്ചെടുക്കാൻ കഴിയുന്ന രീതിയിലുള്ള സർവ്വകലാശാലയായി ഇത് മാറണം.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: ഭേദഗതിയെ പിന്താങ്ങുന്നു. സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്നതരത്തിൽ ഈ സർവ്വകലാശാലയെ വളർത്തിക്കൊണ്ടുവരാൻ കഴിയണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് മതിയായ ആസൂത്രണവും ലക്ഷ്യബോധവും ഉണ്ടാകണം. ഒരു സർവ്വേയുടെയും പിൻബലമില്ലാതെയും സമൂഹത്തിന്റെ ആവശ്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതെയും കലാലയങ്ങൾ അനുവദിക്കാൻ പാടില്ലാത്തതാണ്. ഉദ്യോഗസ്ഥരുടെ സംഭാവനകൾ സമൂഹത്തിന് ലഭ്യമാക്കാൻ സാധിക്കുംവിധം സർവ്വകലാശാലാ നിയമങ്ങൾ പുന:സ്ഥാപിക്കണം. ഈ മേഖലയിലെ വിമർശനപരമായ കാര്യങ്ങളെ വിലയിരുത്താനും ലഭ്യമാകുന്ന സംഭാവനകളെക്കുറിച്ച് പരിശോധിക്കാനും തയ്യാറാകണം. ഈ നിയമം പാസ്സാകുന്ന മുറയ്ക്ക് എഞ്ചിനീയറിംഗ് ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ പുത്തനുണർവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): ബില്ലിന്റെ ചർച്ചയ്ക്കിടയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും വിമർശനങ്ങളും ഉൾക്കൊള്ളുന്നു. കെൽപ്പും കഴിവുമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഇത് എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള സാങ്കേതിക

വിദ്യാഭ്യാസ മേഖലയുടെ സമൂല മാറ്റത്തിനുതകുന്ന ഒന്നായിരിക്കും. വൈസ് ചാൻസലറുടെ യോഗ്യതകളും പ്രായവും സംബന്ധിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ നിയമത്തിലൂടെ വിദ്യാർത്ഥികൾക്ക് ആവശ്യമായ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ളവ ഓൺലൈൻ മുഖേന നൽകാൻ കഴിയും. സ്റ്റുഡന്റ്സ് കൗൺസിൽ, അദ്ധ്യാപക-വിദ്യാർത്ഥി പ്രാതിനിധ്യം, ഇക്കോഫ്രണ്ട്ലി പാഠ്യപദ്ധതിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള സിലബസ് എന്നിവയും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെടുന്നത് സാങ്കേതിക സ്ഥാപനങ്ങളാണെങ്കിലും സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ഡിപ്പാർട്ടുമെന്റുകൾ തുടങ്ങുമ്പോൾ സാങ്കേതിക ശാസ്ത്രത്തിനുപുറമേ മാനവീയ വിഷയങ്ങളിലും കോഴ്സുകൾ തുടങ്ങാൻ സാധിക്കുന്നതാണ്. ഏറെ ലക്ഷ്യബോധത്തോടെ ഭാവിതലമുറയുടെ സ്പന്ദനങ്ങൾ അറിഞ്ഞും തൊഴിൽ നൈപുണ്യമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുന്നതിനുവേണ്ടിയും രൂപം കൊടുത്ത ഈ ബിൽ സമൂഹത്തിനേറെ പ്രയോജനം ചെയ്യും. യഥാർത്ഥ ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന രീതി പഠനപദ്ധതിയുടെ ഭാഗമാകും. സാങ്കേതിക വിദ്യാഭ്യാസ മേഖലയ്ക്ക് പുതിയ മാനം നൽകാനുള്ള ഈ ബിൽ കേരളത്തിന് പ്രതീക്ഷ നൽകുന്നതാണ്. ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ നാമധേയത്തിലുള്ള ഈ സർവ്വകലാശാല കേരളത്തെ പുതിയ

തലങ്ങളിലെത്തിക്കും. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

**രണ്ടാം വകുപ്പ്**

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

132. ഖണ്ഡം (2) (എ) -യിൽ,

(I) “ അക്കാദമിക സ്വയംഭരണാധികാരം എന്നാൽ” എന്നീ വാക്കുകൾക്ക് ശേഷം “ ഈ ആക്ടിലെയും” എന്നീ വാക്കുകൾ ചേർക്കുക;

(II)(ജി) ഖണ്ഡത്തിൽ “ “ സ്വയംഭരണ കോളേജ്” എന്നാൽ” എന്നീ വാക്കുകൾക്ക്ശേഷം “ ഈ ആക്ടിലെയും” എന്നീ വാക്കുകൾ ചേർക്കുക.

133, 134, 135, 136, 137, 138, 139, 140, 141, 142, 143, 144, 146, 147, 148, 149, 150, 151, 152, 153,154, 155, 157, 160, 161, 162, 163, 164, 165, 166, 167, 168, 170, 171, 172, 173, 174, 175, 176, 177, 178, 179, 181, 183, 184, 185, 186, 187, 189, 190, 191, 192, 193, 194, 195, 196, 197, 198, 199, 200, 201, 202,

203, 205, 206, 207, 208 , 209, 210, 212, 213, 214, 215, 216, 217, 218, 221 എന്നീ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

155. ഖണ്ഡം 2 (ജി)-യിൽ, " പ്രബോധനം" എന്ന വാക്കിനുപകരം " ബോധനം" എന്ന വാക്ക് ചേർക്കുക.

163. ഖണ്ഡം 2 (ഐ)-യിൽ, " ബിരുദം" എന്ന വാക്കിനുശേഷം " ബിരുദാനന്തര ബിരുദം" എന്നീ വാക്കുകൾ ചേർക്കുക.

196. ഖണ്ഡം 2 (ഇസഡ് എ) " പ്രിൻസിപ്പൽ" എന്ന വാക്കിനുപകരം " പ്രിൻസിപ്പാൾ" എന്ന് ചേർക്കുക.

203. ഖണ്ഡം 2 (ഇസഡ് എൽ)-ൽ, " ബിരുദം" എന്ന വാക്കിനുശേഷം " ബിരുദാനന്തര ബിരുദം" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

217. ഖണ്ഡം 2 (ഇസഡ് ക്യൂ)-വിൽ, " രൂപീകരിക്കപ്പെട്ട" എന്ന വാക്കിനുശേഷം " കേരള സാങ്കേതികശാസ്ത്ര" എന്നീ വാക്കുകൾ ചേർക്കുക എന്ന ഭേദഗതിയിലെ "കേരള" എന്ന വാക്ക് ഒഴിവാക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**മൂന്നാം വകുപ്പ്**

222, 223, 224, 225, 226, 227, 228, 229, 231, 232, 233, 234, 235, 236, 237, 238, 239 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി 222-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന മാറ്റത്തോടെ വാക്കാൽ ഭേദഗതിയായി അവതരിപ്പിച്ചു.

222. ഖണ്ഡം 3(1)-ൽ "കേരള സാങ്കേതിക" എന്നീ വാക്കുകൾക്കുമുമ്പ് "എ.പി.ജെ. അബ്ദുൾ കലാം" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

240, 241, 242, 243, 244, 245, 246, 247, 248, 249, 250, 251, 252 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

246. ഖണ്ഡം 4(2) (ii) ഒഴിവാക്കുക.

അതിനുശേഷമുള്ളവ പുനരക്കം ചെയ്യേണ്ടതാണ്.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

## അഞ്ചാം വകുപ്പ്

254, 255, 256, 257, 258, 260, 261, 262, 263, 264, 265, 266, 267, 268, 269, 270, 271, 272, 273, 275, 276, 277, 278, 281, 282, 284, 285, 287, 288, 289, 290, 291, 292, 293, 295, 296, 297, 298, 299, 300, 301, 302, 303, 305, 306, 307, 308, 309, 311, 312, 313, 314, 315, 316, 318, 319, 320,

323, 325, 326, 327, 328 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

260. ഖണ്ഡം 5(ബി)-യിൽ "എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ" എന്നീ വാക്കുകൾക്ക് പകരം " എഞ്ചിനീയറിംഗ് ശാസ്ത്രം" എന്ന് ചേർക്കുക.

264. ഖണ്ഡം 5(സി)-യിൽ, " കോളേജുകളുടെയും" എന്ന വാക്കിന് ശേഷം " സ്ഥാപനങ്ങളുടെയും" എന്ന വാക്ക് ചേർക്കുക.

277. ഖണ്ഡം 5(ഇ)-യിൽ, " നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് അനുസൃതമായി" എന്നതിനുപകരം " എ.ഐ.സി.ടി.ഇ. കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി " എന്ന് ചേർക്കുക.

288. ഖണ്ഡം 5(എഫ്)-ൽ, " ശാസ്ത്രങ്ങൾ" എന്നതിനുപകരം " ശാസ്ത്രം" എന്ന് ചേർക്കുക.

292. ഖണ്ഡം 5(ജി)-യിൽ, " ശാസ്ത്രങ്ങൾ" എന്നതിനുപകരം " ശാസ്ത്രം" എന്ന് ചേർക്കുക.

318. ഖണ്ഡം 5(ഒ)-യിൽ, " ശാസ്ത്രങ്ങൾ" എന്ന വാക്കിനുപകരം " ശാസ്ത്രം" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ആറാം വകുപ്പ്

330, 331, 332, 334, 335, 336, 338, 339, 341 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഏഴാം വകുപ്പ്

342, 344, 346, 347, 348, 349, 354 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഏഴാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്

355-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

പ്രസ്തുത ഭേദഗതി മാറ്റങ്ങളോടുകൂടി മന്ത്രി സ്വീകരിച്ചു.

355. ഖണ്ഡം 7 -ന് ശേഷം താഴെപ്പറയുന്ന പുതിയ ഖണ്ഡം ചേർക്കുക.

" 7 എ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കുള്ള അന്തർ സർവ്വകലാശാല സ്ഥലം മാറ്റം:- തത്സമയം പ്രാബല്യത്തിലുള്ള നിയമത്തിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ അധികാര പരിധിക്ക് കീഴിൽ വരുന്നതും പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുന്നതുവഴി ബാധിക്കപ്പെടാവുന്നതുമായ ഈ ആക്ടിലെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സർവ്വകലാശാലയ്ക്ക് കീഴിലുള്ള നിലവിലുള്ള അദ്ധ്യാപക അനധ്യാപക ജീവനക്കാരെ ഓപ്ഷനിലൂടെ സർവ്വകലാശാലയിൽ നിയമിക്കാവുന്നതും അങ്ങനെയുള്ള നിയമനവും സ്ഥലം മാറ്റവും ഇത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും ഗസറ്റ് വിജ്ഞാപനങ്ങളും വഴി സർക്കാരിന് നിശ്ചയിക്കാവുന്നതുമാണ്."

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എട്ടാം വകുപ്പ്

356, 357, 358, 359, 360, 361, 362, 363, 364, 365, 366, 367, 370, 371, 372, 373, 375, 376, 377,378, 379, 380, 381, 382, 383, 384, 385, 386, 387, 388,390, 391, 392, 393, 394, 395, 396, 397, 398, 399, 400, 401, 402, 403, 404, 405, 406 407, 408, 410, 411, 412, 414, 416, 417, 418, 419, 420, 421, 422, 423, 424, 425, 426, 427, 428, 429, 430, 432, 433, 434, 435, 437, 438, 439, 440, 441 എന്നി നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒൻപതാം വകുപ്പ്

442, 444, 445, 446 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

**<u>പത്താം വകുപ്പ്</u>**

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

447. ഖണ്ഡം 10(4)-ൽ, " എന്നിവയിന്മേൽ" എന്ന വാക്കിന് ശേഷം " സർക്കാരിന്റെ ശിപാർശയിന്മേലോ മറ്റു വിധത്തിൽ ചാൻസലർക്ക് ബോധ്യമാകുന്ന പക്ഷമോ" എന്നീ വാക്കുകൾ ചേർക്കുക.

448, 449, 450, 451, 452, 453, 454, 455, 456, 457, 458, 459, 460, 461 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

453. ഖണ്ഡം 10 (4)-ന്റെ ഒന്നാമത് ക്ലിപ്ത നിബന്ധനയിലെ " ചാൻസലർ" എന്ന വാക്കിന് ശേഷം വരുന്ന വാക്കുകൾക്ക് പകരം " യുക്തമായ അന്വേഷണത്തിലൂടെ ആരോപണത്തിന്റെ നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>പതിനൊന്നാം വകുപ്പ്</u>

462, 463, 464, 465, 466, 467, 468 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ, സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>പന്ത്രണ്ടാം വകുപ്പ്</u>

469-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിമൂന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

470. ഖണ്ഡം 13(7)-ൽ, " വൈസ്-ചാൻസലറെയോ " എന്ന വാക്കിനുശേഷം " ഈ സർവ്വകലാശാലയുടെ " എന്ന വാക്ക് ചേർക്കുക.

471, 472, 473, 474, 476, 478, 479, 480, 481, 482, 483, 484, 489, 490, 491, 492, 493, 494, 495, 496, 497, 498, 499, 500, 501, 502, 503, 504, 505, 506, 507, 508, 509, 510, 511, 512, 513, 514, 515, 516, 517, 518, 519, 520, 521, 522 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

480. ഖണ്ഡം 13(4)-ൽ, " പേരുകൾ" എന്ന വാക്കിനുശേഷം " ഇംഗ്ലീഷ്" എന്ന വാക്ക് ചേർക്കുക.

504. ഖണ്ഡം 13(7)(iii)-ൽ, " അവധിയോ അസുഖംമൂലമോ അല്ലെങ്കിൽ മറ്റു കാരണങ്ങളാലോ " എന്നതിനുപകരം " അവധി, അസുഖം, അല്ലെങ്കിൽ മറ്റേതെങ്കിലും കാരണങ്ങളാൽ " എന്നീ വാക്കുകൾ ചേർക്കുക.

521. ഖണ്ഡം 13(12)(iv)-നു ശേഷം, താഴെപ്പറയുന്ന ഇനം ചേർക്കുക;

" (v) സർവ്വകലാശാലയുടെ ആക്റ്റിനും ചട്ടങ്ങൾക്കും സ്റ്റാറ്റ്യൂട്ടിനും റെഗുലേഷനും വിരുദ്ധമായി അധികാര ദുർവിനിയോഗം നടത്തുകയോ,

നിർണ്ണയിക്കപ്പെട്ട അധികാര പരിധി ലംഘിച്ചുകൊണ്ടുള്ള പ്രവർത്തനംമൂലം ഭരണസ്തംഭനമുണ്ടാകുകയോ എന്ന് സർക്കാരിന് ബോധ്യമാകുന്നപക്ഷം വൈസ്-ചാൻസലറെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യുന്നതിന് ചാൻസലറോട് ശിപാർചെയ്യാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്. "

493-ാം നമ്പർ ഭേദഗതി 35 - നെതിരെ 67 വോട്ടുകളോടെ പിൻവലിച്ചു.

മന്ത്രിയുടെ ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാലാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

523. ഖണ്ഡം 14(7)-ൽ "ബോർഡ് ഓഫ് ഗവർണേഴ്സിന്റെ" എന്നീ വാക്കുകൾക്കുപകരം " നിർവ്വാഹക സമിതിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

524. ഖണ്ഡം 14(8)-ൽ "ബോർഡ് ഓഫ് ഗവർണേഴ്സിന്റെ" എന്നീ

വാക്കുകൾക്കുപകരം " നിർവ്വാഹക സമിതിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

525, 526, 527, 528, 529, 530, 531, 533, 534, 535, 536, 537, 538, 539, 540, 541, 543, 544, 545 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനഞ്ചാം വകുപ്പ്

546, 547, 548, 549, 550, 551, 552, 553, 554, 555, 556, 557, 558, 559, 560, 561, 562, 563 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാറാം വകുപ്പ്

564, 565, 566, 568, 569, 570, 571, 572, 573, 574 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

564. ഖണ്ഡം 16(1)ൽ "മൂന്ന് പേരിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന ഒരാളെ" എന്നതിനു പകരം "ഒരാളെ സർക്കാർ അനുമതിയോടുകൂടി" എന്നത് ചേർക്കുക.

573. ഖണ്ഡം 16(10)-നുശേഷം താഴെപറയുന്ന ഉപഖണ്ഡം ചേർക്കുക: "(ii) രജിസ്ട്രാറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതാണ്."

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനേഴാം വകുപ്പ്

575, 576, 578, 579, 580 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

576. ഖണ്ഡം 17 (1)-ൽ "മൂന്നുപേരിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനെട്ടാം വകുപ്പ്

581, 582, 583 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പത്തൊമ്പതാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

584. ഖണ്ഡം 19(1)- ൽ ഒന്നാമത്തെ വാചകത്തിനുശേഷം താഴെ പറയുന്ന വാചകങ്ങൾ ചേർക്കേണ്ടതാണ്, അതായത് :-

" സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി, നിർവ്വാഹകസമിതി നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ഓരോ വിഭാഗത്തിലേയ്ക്കും ശിപാർശ ചെയ്യുന്ന മൂന്നുപേർ വീതമുള്ള പാനലുകളിൽനിന്നും സർക്കാർ നിർദ്ദേശിക്കുന്ന ഒരാളെ ഡീൻ (അക്കാദമികം) ആയും ഒരാളെ ഡീൻ (ഗവേഷണം) ആയും നിയമിക്കേണ്ടതും അവർ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥരായിരിക്കുന്നതും വൈസ്-ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതുമാണ്. പ്രഥമ ഡീൻ (അക്കാദമികം), ഡീൻ (ഗവേഷണം) എന്നിവരെ സർക്കാർ നിയമിക്കേണ്ടതാണ്."

585, 586, 587, 589, 590, 591, 592 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപതാം വകുപ്പ്

(ഭേദഗതിയില്ല)

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയൊന്നാം വകുപ്പ്

593-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

പ്രസ്തുത ഭേദഗതി മന്ത്രി സ്വീകരിച്ചു.

593. ഖണ്ഡം 21-ൽ "ഫൈനാൻസ് ഓഫീസറുടെയും" എന്നീ വാക്കുകൾക്ക് ശേഷം "ഡീൻ (അക്കാദമികം), ഡീൻ (ഗവേഷണം) എന്നിവരുടെയും" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>ഇരുപത്തിയൊന്നാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്</u>**

594-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

594-ാം നമ്പർ ഭേദഗതി 21(എ) വകുപ്പായി താഴെപ്പറയുന്ന മാറ്റങ്ങളോടെ മന്ത്രി സ്വീകരിച്ചു.

594. ഖണ്ഡം **21-**ന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക:

"**21 (എ)** അപ്പലേറ്റ് ട്രൈബ്യൂണൽ-

(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി സർക്കാർ ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളിൻമേൽ സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും അപ്പലേറ്റ് ട്രൈബ്യൂണലിനെ സമീപിക്കാവുന്നതാണ്.

(3) ഹൈക്കോടതിയുമായി ആലോചിച്ച്, ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലാ ജഡ്ജിയുടെ പദവിയിൽ താഴെ അല്ലാത്ത ഒരു ജുഡിഷ്യൽ ഓഫീസർ അപ്പലേറ്റ് അതോറിറ്റി ആയിരിക്കേണ്ടതാണ്.

(4) അപ്പലേറ്റ് അതോറിറ്റിയുടെ കാലാവധി, അധികാരപരിധി, കർത്തവ്യങ്ങൾ, സേവന വേതന വ്യവസ്ഥകൾ എന്നിവ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്

ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിരണ്ടാം വകുപ്പ്

595, 596, 597 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിമൂന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

598. ഖണ്ഡം 23 (1)-ൽ, (i) "എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,-

(എ) (iii)-ാം ഇനത്തിൽ "അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്കു പകരം "ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (iv)-ാം ഇനത്തിൽ "അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്കു പകരം "ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (v)-ാം ഇനത്തിൽ മൂന്ന്, രണ്ട് എന്നീ വാക്കുകൾക്കു പകരം നാല്, മൂന്ന് എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്."

(iii) മറ്റ് അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ (ii) ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്. അതായത്

" (iii) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ"

599, 603, 605, 608, 609, 610, 611, 613, 614, 615, 616, 617, 618, 620, 621, 623, 625, 626, 627, 628, 629, 630, 631, 632, 633, 636, 637, 638, 643, 644, 645, 646, 647, 648, 649, 650, 651, 652, 653, 654 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

(1) "എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ (XV)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:-

“ (xv) വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ.”

(2) "തെരഞ്ഞടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ

(എ) നിലവിലുള്ള വാചകത്തിനുപകരം താഴെപ്പറയുന്ന വാചകം ചേർക്കേണ്ടതാണ്, അതായത്:-

“ (i) നിയമസഭാ സാമാജികർ അവർക്കിടയിൽനിന്നും തെരഞ്ഞെടുക്കുന്ന അഞ്ച് അംഗങ്ങൾ, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗ്രോത്ര വർഗ്ഗങ്ങളിലോപെട്ടതായിരിക്കേണ്ടതുമാണ്.”

(ബി) നിലവിലുള്ള വാചകത്തിനുശേഷം താഴെപ്പറയുന്ന വാചകം ചേർക്കേണ്ടതാണ്, അതായത്:-

" (ii) സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം വിദ്യാർത്ഥികളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന നാല് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ ഒരാൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും ഒരാൾ വിദ്യാർത്ഥിനിയും ആയിരിക്കേണ്ടതാണ്."

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

611. ഖണ്ഡം 23 (1)(xi)-ൽ, " ഡയറക്ടർ" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥൻ" എന്നീ ചിഹ്നവും വാക്കുകളും ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും മന്ത്രിയുടെ വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിനാലാം വകുപ്പ്

മന്ത്രി താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

655. ഖണ്ഡം 24(5)-ന് ശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:-

"എന്നാൽ ഈ വകുപ്പിൻ കീഴിൽ ഔദ്യോഗിക സ്ഥാനം ഹേതുവായി ബോർഡ് ഓഫ് ഗവർണേഴ്സിൽ അംഗമായി വരുന്ന ഏതൊരാളും തന്റെ ഔദ്യോഗിക സ്ഥാനം അവസാനിക്കുന്നതോടെ അതിൽ അംഗമല്ലാതായിത്തീരുന്നതാണ്".

656, 658, 659, 660, 661, 662, 663, 664, 665 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയഞ്ചാം വകുപ്പ്

668, 671, 672, 673, 674, 675, 676, 677, 678, 679, 680, 681, 682, 683, 684, 685, 687, 688, 690, 691 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെ പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 25(2)(xix)-ൽ "ഈ ഇനത്തിൽ ഗ്രാന്റായി നൽകുകയോ"എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

മന്ത്രി 667-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

667. ഖണ്ഡം 25(1)-ന്റെ ക്ലിപ്തനിബന്ധനയിൽ, "ചാൻസലർ" എന്ന വാക്കിനുശേഷം "പരിശോധിച്ച്" എന്ന വാക്ക് ചേർക്കുക.

മന്ത്രി താഴെ പറയുന്ന ഭേദഗതി സ്വീകരിച്ചു.

679. ഖണ്ഡം 25(2) (xi)-ൽ "ബിരുദമോ" എന്ന വാക്കിനുശേഷം "ബിരുദാനന്തര ബിരുദമോ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>ഇരുപത്തിയാറാം വകുപ്പ്</u>**

692, 694, 695, 697, 698, 699, 700, 701, 702, 703, 704, 705, 706,

707 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയേഴാം വകുപ്പ്

മന്ത്രി താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

708. ഖണ്ഡം 27(1)-ൽ "എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ,-

(എ) (iii)-ാം ഇനത്തിൽ, "അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്കുപകരം "ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

(ബി) (iv)-ാം ഇനത്തിൽ, "അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്കുപകരം "ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

(സി) (xii)-ാം ഇനത്തിൽ, "അദ്ധ്യാപകരിൽ നിന്നും" എന്നീ വാക്കുകൾക്കുപകരം "ബോർഡ് ഓഫ് ഗവർണേഴ്സിലെ അദ്ധ്യാപകരിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കുക.

(ഡി) (xiii)-ാം ഇനത്തിൽ, "സ്വകാര്യകോളേജ് മാനേജർമാരിൽ നിന്നും"

എന്നീ വാക്കുകൾക്കുപകരം "ബോർഡ് ഓഫ് ഗവർണേഴ്സിലെ സ്വകാര്യകോളേജ് മാനേജർമാരിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

27-ാം വകുപ്പിൽ (1) ഉപവകുപ്പിൽ 11-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

" 11. സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം."

709, 710, 711, 712, 714, 717, 719, 720, 721, 722, 723, 724, 725, 726, 728, 729 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയെട്ടാം വകുപ്പ്

732-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയൊമ്പതാം വകുപ്പ്

733-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പതാം വകുപ്പ്

735, 736, 737, 738, 739, 740, 741, 742 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

## മുപ്പത്തിയൊന്നാം വകുപ്പ്

743, 744, 745, 746, 747 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

745. ഖണ്ഡം 31(2)(v)-ൽ "നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾക്ക് ശേഷം "എൻജിനീയറിംഗ് ബിരുദധാരികളായ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിരണ്ടാം വകുപ്പ്

748-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിമൂന്നാം വകുപ്പ്

ഭേദഗതി ഇല്ല.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**മുപ്പത്തിനാലാം വകുപ്പ്**

749, 750, 752, 753 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

750. ഖണ്ഡം 34(i)-ൽ "ബിരുദങ്ങളും" എന്നീ വാക്കുകൾക്ക് ശേഷം "ബിരുദാനന്തര ബിരുദങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 34-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**മുപ്പത്തിയഞ്ചാം വകുപ്പ്**

മന്ത്രി താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

754. ഖണ്ഡം 35-ൽ,-

(എ) (iii)-ാം ഇനത്തിൽ "അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്കുപകരം "ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

(ബി) (XV)-ാം ഇനത്തിൽ "അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്കുപകരം "ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

35-ാം വകുപ്പിൽ 18-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

" 19. സർവ്വകലാശാലയിലേയോ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലേയോ ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് വിദ്യാർത്ഥി പ്രതിനിധികൾ അവരിലൊരാൾ വിദ്യാർത്ഥിനിയായിരിക്കേണ്ടതാണ്."

755, 756, 757, 758, 759, 760 762 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

759. ഖണ്ഡം 35(xviii)-ൽ "മൂന്ന്" എന്ന വാക്കിനുശേഷം "പി.എച്ച്.ഡി.യും പത്ത് വർഷത്തെ അദ്ധ്യാപന പരിചയവുമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 35-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>മുപ്പത്തിയാറാം വകുപ്പ്</u>

763, 764, 765, 766 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>മുപ്പത്തിയേഴാം വകുപ്പ്</u>

767-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിയെട്ടാം വകുപ്പ്

768, 769, 770 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ മന്ത്രി സ്വീകരിച്ചു.

769. ഖണ്ഡം 38(2)-ൽ- ക്ലിപ്ത നിബന്ധനയിലെ "പറയാൻ" എന്ന വാക്കിനു പകരം "പറയുവാൻ" എന്ന വാക്ക് ചേർക്കുക.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിയൊമ്പതാം വകുപ്പ്

771, 772 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>നാല്പതാം വകുപ്പ്</u>**

773 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>നാല്പത്തിയൊന്നാം വകുപ്പ്</u>**

774, 775.776, 777,778 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>നാല്പത്തിരണ്ടാം വകുപ്പ്</u>**

779, 780, 781, 782 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>നാല്പത്തിമൂന്നാം വകുപ്പ്</u>**

783, 785, 786,787, 788 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>നാല്പത്തിനാലാം വകുപ്പ്</u>**

ഭേദഗതിയില്ല

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>നാല്പത്തിയഞ്ചാം വകുപ്പ്</u>**

789 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>നാല്പത്തിയാറാം വകുപ്പ്</u>**

790 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാല്പത്തിയേഴാം വകുപ്പ്

791 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

47-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാല്പത്തിയെട്ടാം വകുപ്പ്

792,793,794 – എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

'കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല വിധി' എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം 'സാങ്കേതിക ശാസ്ത്ര സർവ്വകലാശാല നിധി' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

792 ഖണ്ഡം 48(1)-ൽ,-

(ii) " ഏതു മാർഗ്ഗത്തിൽ കൂടിയാണെങ്കിലും കിട്ടുന്ന " എന്നീ വാക്കുകൾക്കു പകരം " നിയമാനുസൃതം ലഭ്യമാകുന്ന" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു

ഭേദഗതി ചെയ്തപ്രകാരമുള്ള 48-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 48-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാല്പത്തിയൊമ്പതാം വകുപ്പ്

796 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അമ്പതാം വകുപ്പ്

797 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

50-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

50-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അമ്പത്തിയൊന്നാം വകുപ്പ്**

798, 799, 800,801 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അമ്പത്തിരണ്ടാം വകുപ്പ്**

ഭേദഗതിയില്ല

52-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

52-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അമ്പത്തിമൂന്നാം വകുപ്പ്**

802 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

53-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

53-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അമ്പത്തിനാല്, അമ്പത്തിയഞ്ച് വകുപ്പുകൾ**

ഭേദഗതിയില്ല

54, 55 വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

54, 55 വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**അമ്പത്തിയാറാം വകുപ്പ്**

803-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

56-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

56-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അമ്പത്തിയേഴാം വകുപ്പ്**

ഭേദഗതിയില്ല

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**57-ന ശേഷമുള്ള പുതിയ വകുപ്പ്**

804-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

57-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ നിരാകരിച്ചു.

**അമ്പത്തിയെട്ടാം വകുപ്പ്**

805, 806, 807, 808,809, 810,811,812, 813 – എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

58-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

58-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അമ്പത്തിയൊമ്പതാം വകുപ്പ്**

815 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു

ഭേദഗതി സഭ നിരാകരിച്ചു

59-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

59-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അറുപതാം വകുപ്പ്**

816-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു

ഭേദഗതി സഭ നിരാകരിച്ചു

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അറുപത്തിയൊന്നാം വകുപ്പ്**

817-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു

പ്രസ്തുത ഭേദഗതി മന്ത്രി സ്വീകരിച്ചു

817- ഖണ്ഡം 61(1)-ൽ, " കഴിയുന്നിടത്തോളം" എന്ന വാക്ക് ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 61-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 61-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>അറുപത്തിരണ്ടാം വകുപ്പ്</u>

818, 819 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

62-ാം വകുപ്പ്_വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

62-ാം വകുപ്പ് വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>അറുപത്തി മൂന്ന് മുതൽ അറുപത്തിയാറ് വരെയുള്ള വകുപ്പുകൾ</u>

( ഭേദഗതി ഇല്ല)

63 മുതൽ 66 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

63 മുതൽ 66 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## അറുപത്തിയേഴാം വകുപ്പ്

820, 821 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

67-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

67-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അറുപത്തിയെട്ടാം വകുപ്പ്

822, 823 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

68-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

68-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അറുപത്തിയൊമ്പതാം വകുപ്പ്

824 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 69-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

825 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

825-ാം നമ്പർ ഭേദഗതി 69 (a) വകുപ്പായി മന്ത്രി സ്വീകരിച്ചു.

825. ഖണ്ഡം 69 നുശേഷം ചുവടെ ചേർക്കുന്ന പുതിയ ഖണ്ഡങ്ങളും ഉപഖണ്ഡങ്ങളും ചേർക്കുക. ശേഷിക്കുന്നവ പുനരക്കം ചെയ്യുക:

70. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.- (1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി, സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാലു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ

വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

71.വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.- (1)ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന് ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ്മൂലം ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമില്ലാത്തതുമായ ഏത് കാര്യവും ചെയ്യാവുന്നതാണ്. എന്നാൽ, ഈ നിയമം പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പ് പ്രകാരം യാതൊരു ഉത്തരവും

പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 69-ാം വകുപ്പിനു ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : 69-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പിനെ 70 എന്നുപറഞ്ഞാണ് അംഗീകരിച്ചിട്ടുള്ളത്. വീണ്ടും മറ്റൊരു വകുപ്പിന് 70 എന്ന് നമ്പർ കൊടുത്താൽ ശരിയാകില്ല.

മി. സ്പീക്കർ: അതിന്റെ നമ്പർ 69(എ) എന്ന് ആക്കാവുന്നതാണ്.

ഭേദഗതി ചെയ്തപ്രകാരമുള്ള 69(എ) വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എഴുപതാം വകുപ്പ്

826-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

പ്രസ്തുത ഭേദഗതി മന്ത്രി സ്വീകരിച്ചു.

826. ഖണ്ഡം 70(1)- ൽ, “ സർവ്വകലാശാലയുടെ സമാനമായ ബിരുദം" എന്നീ വാക്കുകൾക്കു ശേഷം" ബിരുദാനന്തര ബിരുദം" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 70-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 70-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**എഴുപത്തിയൊന്നാം വകുപ്പ്**

827-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**എഴുപത്തിരണ്ടാം വകുപ്പ്**

828, 829, 830 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

828. ഖണ്ഡം 72(1)-ൽ, " ഒരു വർഷത്തിൽ " എന്നതിനു പകരം " രണ്ട് വർഷത്തിൽ" എന്നു ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 72-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ  അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള  72-ാം  വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എഴുപത്തിമൂന്നാം വകുപ്പ്

ഭേദഗതി ഇല്ല

73-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ  അംഗീകരിച്ചു.

73-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പട്ടിക

831-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ  അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

105, 106, 107, 108, 109, 110, 112, 113, 114, 115, 116, 117, 118, 120, 121, 122, 123, 124, 126, 127, 130, 131 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി 128-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി

അവതരിപ്പിച്ചു.

128. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക:

" (1) ഈ ആക്റ്റിന് 2015-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് എന്ന് പേര് പറയാം."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഈ സർവ്വകലാശാലയ്ക്ക് അന്തരിച്ച മുൻരാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേര് നൽകിയതിനെ സ്വാഗതം ചെയ്യുന്നുവെങ്കിലും സ്വാശ്രയ കോളേജുകളുടെ ഫെഡറേഷന് അദ്ദേഹത്തിന്റെ പേര് നൽകിയത് ഉചിതമായോയെന്ന് പരിശോധിക്കണം. നിലവിൽ സർവ്വകലാശാലകളിലുള്ള പ്രവേശന വ്യവസ്ഥകൾ ഇളവ് ചെയ്തുകൊണ്ട് പ്രവേശനം നടത്താനും മൂല്യനിർണ്ണയം ഉദാരമായി നടത്താനും കഴിയുന്ന സ്ഥിതിവിശേഷമാണ് ഈ ബിൽ പാസ്സാകുന്നതോടുകൂടി സൃഷ്ടിക്കപ്പെടാൻ പോകുന്നത്. അക്കാദമിക് സ്വയംഭരണത്തിന്റെ പേരിൽ സ്വകാര്യ സ്വാശ്രയ കോളേജുകൾക്ക് സ്വയംഭരണം നൽകുകവഴി ഈ കോളേജുകൾക്ക് സർവ്വസ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കാനുള്ള അവസരം സൃഷ്ടിക്കപ്പെടുകയാണ്. എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സംവരണം നടപ്പിലാക്കണമെന്ന ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിനെക്കുറിച്ച് ബില്ലിൽ ഉൾക്കൊള്ളിക്കാൻ തയ്യാറാകാത്തത് ആ വിഭാഗത്തോടുള്ള സമീപനത്തെയാണ് കാണിക്കുന്നത്. ഗവൺമെന്റ് കോളേജുകളെ സ്വകാര്യവൽക്കരിക്കുന്ന ബില്ലാണിത്. വിദ്യാർത്ഥികൾക്കും അദ്ധ്യാപക-അനദ്ധ്യാപകർക്കും സംഘടനാസ്വാതന്ത്ര്യം നിഷേധിക്കുന്ന വിധത്തിലാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്.

സർവ്വകലാശാലയുടെ തലപ്പത്ത് ആരെ വേണമെങ്കിലും നാമനിർദ്ദേശം ചെയ്യപ്പെടാമെന്ന വ്യവസ്ഥയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കച്ചവട താൽപ്പര്യംമാത്രം മുൻനിർത്തി സ്ഥാപിക്കുന്ന സർവ്വകലാശാലയായി ഇത് മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എല്ലാ നിബന്ധനകളിലും ഇളവുവരുത്തി ആർക്കുവേണമെങ്കിലും എഞ്ചിനീയറാകാൻ പറ്റുന്ന കോളേജുകളാക്കി മാറ്റാൻവേണ്ടിയാണ് ഇത്തരം യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത്. സ്വകാര്യ സ്വാശ്രയ കോളേജുകൾക്ക് സ്വയംഭരണം നൽകുകയാണ് ഇതിന്റെ ലക്ഷ്യം. സാങ്കേതിക വിദ്യാഭ്യാസത്തിൽ മികവുറ്റ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സഹായകമായ വകുപ്പുകൾ ഈ ബില്ലിലില്ല. ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് വിട്ട് ന്യൂനതകൾ പരിഹരിക്കാൻ തയ്യാറാകണം. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ വാണിജ്യവൽക്കരിക്കാനുള്ള നിയമം പാസ്സാക്കുന്നതിനെ അംഗീകരിക്കാൻ കഴിയാത്തതിനാൽ തുടർ നടപടികൾ ബഹിഷ്ക്കരിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തു പോയി.)

<u>ശ്രീ. കെ.എസ്. ശബരീനാഥൻ</u> : ഈ ബില്ലിന്റെ ഏറ്റവും വലിയ സവിശേഷത ഫ്യൂച്ചറിസ്റ്റ് ആയിട്ടുള്ള ബില്ലാണെന്നതാണ്. നാളെയുടെ മാറ്റങ്ങൾ മനസ്സിലാക്കി ലോകത്തോട് സംവദിക്കാൻ വേണ്ടി ക്വാളിറ്റി എഞ്ചിനീയർമാരെ വാർത്തെടുക്കാൻ ഉതകുന്ന ബില്ലാണിത്. കേരളത്തെ സ്നേഹിച്ച, കേരളം സ്നേഹിച്ച അന്തരിച്ച മുൻ

രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന് നൽകാൻ കഴിയുന്ന ഒരു ട്രിബ്യൂട്ടാണ് ഈ സർവ്വകലാശാല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തിന്റെ സാങ്കേതിക ഉന്നത വിദ്യാഭ്യാസ രംഗത്തെ ഏറ്റവും അഭിമാനകരമായ മുഹൂർത്തമാണിത്. വിമർശനങ്ങൾക്ക് മറുപടി കേൾക്കാനുള്ള സഹിഷ്ണുത കാണിക്കാത്ത പ്രതിപക്ഷ സമീപനം ഇടതുപക്ഷത്തെ ജനങ്ങളിൽനിന്ന് കൂടുതൽ അകറ്റുമെന്ന കാര്യത്തിൽ സംശയമില്ല. ഐ.ടി. രംഗത്ത് കേരളത്തെ പിന്നിലാക്കിയത് പ്രതിപക്ഷത്തിന്റെ കമ്പ്യൂട്ടർവിരുദ്ധ സമരമാണ്. ഉന്നത വിദ്യാഭ്യാസരംഗത്തെ സുപ്രധാന കാൽവയ്പായ സ്വകാര്യ സ്വാശ്രയ കോളേജുകൾ അനുവദിക്കാൻ കഴിഞ്ഞത് യു.ഡി.എഫ്. സർക്കാരിന്റെ നേട്ടമാണ്. അതിനുശേഷമുള്ള സുപ്രധാന കാൽവയ്പാണ് സ്വയംഭരണാവകാശമുള്ള കോളേജുകളും സാങ്കേതിക സർവ്വകലാശാലയും സ്ഥാപിക്കുന്നത്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് സംവരണം നൽകുന്നില്ലെന്ന പരാമർശം യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതാണ്. സ്വാശ്രയ കോളേജുകളിലൂടെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരം ലഭിച്ചിട്ടുണ്ട്. കൂടാതെ ഇന്ത്യയ്ക്ക് മാതൃകയായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി സംസ്ഥാനത്ത് മെഡിക്കൽ കോളേജ് സ്ഥാപിക്കുകയും മൂന്ന് കോളേജുകൾ അനുവദിക്കുകയും ചെയ്ത സർക്കാരാണിത്. ടെക്നോളജി രംഗത്ത് കേരളം ഇന്ത്യയ്ക്ക്

മാതൃകയാകത്തക്കവിധത്തിൽ മുന്നിലേയ്ക്ക് വരണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. വിദേശ രാജ്യങ്ങളിൽ പുതിയ തലമുറയ്ക്ക് അവസരം ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് ഈ നിയമം പ്രയോജനകരമാകും. കേരളത്തെക്കുറിച്ച് വളരെയേറെ പ്രതീക്ഷയുണർത്തിയ അന്തരിച്ച മുൻരാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേരിൽ ഈ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ സാധിച്ചതിലും അഭിമാനമുണ്ട്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ രാത്രി 10.53-ന് പിരിഞ്ഞു.

*************